കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുങ്ങല്ലൂർ നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ (എം)15/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-680 020
ഫോൺ നമ്പർ-0487 2331249
e-mail: dotsr.ksad@kerala.gov.in
തിയതി: 31/01/2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന),

കൊടുങ്ങല്ലൂർ നഗരസഭ.

സർ,

വിഷയം :- കൊടുങ്ങല്ലൂർ നഗരസഭ- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2.1,2.2,2.6 ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-1,3-20,3-23 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1)(2). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)റീജ്യണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, കൊച്ചി(ഉപരിപത്രം സഹിതം)

3.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (എം)15/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ-0487 2331249
e-mail: dotsr.ksad@kerala.gov.in
തിയതി: 31/01/17

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക യിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 8.9.2015 തിയ്യതി മുതൽ 20.12.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചു. 2015-16 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വി.സുരേഷ് ബാബു<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.12.16 മുതൽ 31.12.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ. ശിവൻ പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സദാനന്ദൻ പി.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ എം.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന. കെ. സത്യൻ | ഓഡിറ്റർ |
| ശ്രീമതി.നിജ്ജ സി.എസ് | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| ചെയർപെഴ്സൺ | കെ .ബി.മഹേശ്വരി | 1.4.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മറ്റി | 1.11.2015 മുതൽ 17.11.2015 വരെ |
| | സി.സി വിപിൻചന്ദ്രൻ | 18.11.2015 മുതൽ 31.3.2016 വരെ |
| ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | കെ.ആർ .സുഭാഷ് | 1.4.2015മുതൽ 31.10.2015 വരെ |
| | ഷീല രാജ്കമൽ | 18.11.2015 മുതൽ 31.3.2016 വരെ |
| വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | പി.ജി.നൈജി | 1.4.2015മുതൽ 31.10.2015 വരെ |
| | കെ എസ് കൈസാബ് | 4.12.2015മുതൽ 31.3.2016 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | സി.വി.ഉണ്ണികൃഷ്ണൻ | 1.4.2015 മുതൽ 31.10.2015 വരെ |
| | ശോഭ ജോഷി | 4.12.2015മുതൽ 31.3.2016 വരെ |
| ആരോഗ്യകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | ഉഷ ഗോപി | 1.4.2014 മുതൽ 31.10.2015 വരെ |
| | സി കെ രാമനാഥൻ | 4.12.2015മുതൽ 31.3.2016 വരെ |
| വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ്കമ്മറ്റി ചെയർമാൻ | റസോജ ഹരിദാസ് | 1.4.2014 മുതൽ 31.10.2015 വരെ |
| | പി.എൻ.രാമദാസ് | 4.12.2015മുതൽ 31.3.2016 വരെ |
| മരാമത്ത്സ്റ്റാൻഡിങ്ങ്കമ്മറ്റി ചെയർമാൻ | സി.കെ.രാമനാഥൻ | 1.4.2014 മുതൽ 31.10.2015 വരെ |
| | തങ്കമണി സുബ്രഹ്മണ്യൻ | 4.12.2015മുതൽ 31.3.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി ,കൊടുങ്ങല്ലൂർ മുന്സിപ്പാലിറ്റി | വി.വി ലതേഷ് കുമാർ | 1.4.2015മുതൽ 31.03.2016 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ടി.വി സവിത | 1.04.2015 മുതൽ 30.05.2015 വരെ |
| | ബി.ആർ. ഓംപ്രകാശ് | 1.6.2015 മുതൽ 11.08.2015 വരെ |
| | പി കെ പുരുഷോത്തമൻ | 12.8.2015മുതൽ 31.3.2016 വരെ |
| പ്രൊജക്റ്റ് ഓഫീസർ,കൊടുങ്ങല്ലൂർ മുന്സിപ്പാലിറ്റി | ഐ.വി രാജീവൻ | 1.4.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ<br><br>ഗവൺമെന്റ് ആയുർവേദ ആശുപത്രി,പുല്ലൂറ്റ് | ഡോ. എ.എം അബ്ദുൾ ഖാദർ | 1.04.2015 മുതൽ 31.03.2016 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ<br><br>ഗവൺമെന്റ് ആയുർവേദ ആശുപത്രി, മേത്തല | ഡോ.പ്രീതി ദേവദാസ് | 1.04.2015 മുതൽ 15.07.2015 വരെ |
| | ഡോ.എസ് വിധു വർമ്മ | 16.7.2015 മുതൽ 31.03.2016 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ | ഡോ. ടി.വി റോഷ് | 1.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സർജൻ,<br><br>പി. എച്ച്.സി, മേത്തല | ഡോ. സജില പി.പി | 1.04.2015 മുതൽ 03.06.2015 വരെ |
| | ഡോ.പ്രിമ പോൾ | 4.6.2015മുതൽ 28.6.2015 വരെ |
| | ഡോ.സജില പി പി | 29.6.2015 മുതൽ 6.10.15വരെ |
| | ഡോ.പ്രിമ പോൾ എ | 7.10.2015 മുതൽ 20.10.2015 വരെ |
| | ഡോ.രമ്യ കെ വി | 21.10.2015 മുതൽ 13.11.2015 വരെ |
| | ഡോ.ജയാനന്ദൻ സി വി | 14.11.2015 മുതൽ 12.1.2016 വരെ |
| | ഡോ ഗായത്രി വിജയരാഘവൻ | 12.1.2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ<br><br>ഗവ:ഹോമിയോ ഡിസ്പൻസറി, മേത്തല | ഡോ.മനീഷ | 1.4.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി | ഡോ.കെ.ജെ ജോൺ | 1.04.2015മുതൽ 14.09.2015 വരെ |

| | | |
|---|---|---|
| നാരായണമംഗലം | ഡോ.ബീന ജെ എൽ | 16.9.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ, കൃഷിഭവൻ ,മേത്തല | ഷബ്ലാസ് പടിയത്ത് | 1.04.2015മുതൽ 31.03.2016 വരെ |
| അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷിഭവൻ , കൊടുങ്ങല്ലൂർ | അബ്ദുൾ റസാക്ക് | 1.04.2015 മുതൽ 1.01.2016വരെ |
| | എം എൻ രാജേന്ദ്രകുറുപ്പ് | 1.01.2016 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | സജിൽ കുമാർ പി.ആർ | 1.4.2015 മുതൽ 31.03.2016വരെ |
| ഐ.സി. ഡി. എസ്. സൂപ്പർവൈസർ എറിയാട് | ശ്രീദേവി പി.എൽ | 1.04.2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പാൾ, ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | ആശ ആനന്ദ് .സി | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം., ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | ജാസ്മി കെ.എം | 1.04.2015 മുതൽ 31.05.2015 വരെ |
| | കെ എസ് തങ്കം | 1.6.2015 മുതൽ 4.6.2015വരെ |
| | സുജാത വി ജി | 5.6.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ, എച്ച്.എം. ഗവ:എച്ച്.എസ്.,പുല്ലൂറ്റ് | മോഹനൻ കെ.ജി | 1.04.2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പാൾ, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ശൃംഗപുരം | പി.കെ മോഹിനി | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം., ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ശൃംഗപുരം | കെ.എസ് രാജസുലോചന | 1.04.2014 മുതൽ 31.03.2015 വരെ |
| | പി എം റോസി(ഇൻ ചാർജ്ജ്) | 2.6.2015 മുതൽ 8.07.2015 വരെ |
| | കെ എസ് തങ്കം | 9.7.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് (ബി.എച്ച്.എസ്), കൊടുങ്ങല്ലൂർ | പി.വി ജയപ്രകാശ് | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം ജി.എൽ.പി.എസ് കൊടുങ്ങല്ലൂർ | ഇ.ടി സീന | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്. | കെ.വി ഉഷാകുമാരി | 1.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ആനാപ്പുഴ | | |
| ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്, മേത്തല | മേരി ഹെലൻ കെ.എം | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം.എൽ. പി. എസ്. പാലിയം തുരുത്ത് | വി.എൽ ലില്ലി | 1.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം , ജി.എൽ.പി.എസ് , പുല്ലൂറ്റ് | ബോബൻ.സി. പി.(ഇൻ ചാർജ്ജ്) | 1.04.2015മുതൽ 17.05.2015 വരെ |
| | ബീന കെ പി | 24.4.2015-31.3.2016 |

<u>ഉള്ളടക്കം</u>


| ക്രമനം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | അനധികൃത കെട്ടിട നിർമ്മാണം- തുടർ നടപടി സ്വീകരിക്കണം. | 2-1 |
| 13 | ഓറ എഡിഫൈ ഗ്ലോബൽ സ്കൂൾ-കെട്ടിട നിർമ്മാണചട്ടം,CRZ നിയമം ലംഘിച്ച് നിർമ്മാണ പ്രവൃത്തികൾ കർശന നടപടി സ്വീകരിക്കണം. | 2-2 |
| 14 | നഗരസഭ - പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല-ഭീമമായ വരവ് നഷ്ടം | 2-3 |
| 15 | വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു. | 2-4 |
| 16 | വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്ന പോലെ വസ്തുനികുതി അടവാക്കുന്നു | 2-5 |
| 17 | മാർക്കറ്റ് ലേലം - നഗരസഭയ്ക്ക് നഷ്ടതുക ഈടാക്കാനായിട്ടില്ല | 2-6 |
| 18 | നഗരസഭ ലേല നിബന്ധന പാലിച്ചില്ല | 2-7 |
| 19 | ടൗൺ ഹാൾ നവീകരണം -സിവിൽ,ഇലക്ട്രിക് പ്രവൃത്തികൾ സമയോചിതമായ നടപടികളില്ല-വാടകയിനത്തിൽ നഷ്ടം | 2-8 |
| 20 | ഡി ആന്റ് ഒ ലൈസൻസ് -അപാകതകൾ | 2-9 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-10 |

| | | |
|---|---|---|
| | ഭാഗം 3 | |
| 22 | നഗരസഭാ എൻജിനീയർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 23 | കുടിവെള്ള നിക്ഷേപപ്രവൃത്തികൾ-അപാകതകൾ | 3-2 |
| 24(എ) | കരാർ ചമക്കും മുമ്പേ അളവെടുക്കൽ | 3-3-1 |
| 24(ബി) | ഇ.ടെണ്ടർ കുറഞ്ഞ നിരക്ക് പരിഗണിച്ചില്ല | 3-3-2 |
| 24(സി) | അംഗൻവാടി നിർമ്മാണം – വൈദ്യുതീകരണത്തിന് നടപടി സ്വീകരിച്ചില്ല | 3-3-3 |
| 25 | കൺവീനർക്ക് അധിക തുക നൽകി. | 3-4 |
| 26 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതുമൂലം നഷ്ടം | 3-5 |
| 27 | മുൻകൂറുകൾ സമയ പരിധിയ്ക്കകം അഡ്ജസ്റ്റ് ചെയ്യുന്നില്ല | 3-6 |
| 28 | ടെണ്ടർകുറവ് വഴി ധനമിച്ചം | 3-7 |
| 29 | സാന്ത്വന ചികിത്സ – അപാകതകൾ | 3-8 |
| 30 | സൂപ്രണ്ട്, താലൂക്ക് ആശുപത്രി നടപ്പാക്കിയ പ്രോജക്ടുകൾ - ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 3-9 |
| 31 | താലൂക്ക് ആശുപത്രിയിലേക്കുള്ള വൈദ്യുതി ബില്ല് - കെ.എസ്.ഇ.ബി.യുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല | 3-10 |
| 32 | താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ നഷ്ടം | 3-11 |
| 33 | മേത്തല ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- അപാകതകൾ | 3-12 |
| 34 | ആയുർവേദ ഡിസ്പൻസറിയിലേക്ക്മരുന്ന് വാങ്ങൽ-അപാകതകൾ | 3-13 |
| 35 | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. ശൃംഗപുരം നടപ്പാക്കിയ SO 329/16 സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതി-അപാകതകൾ | 3-14 |
| 36 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-15 |
| 37 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ | 3-16 |
| 38 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം- ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-17 |
| 39 | പദ്ധതി രേഖാ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് തനതു ഫണ്ടിൽ നിക്ഷേപിച്ചത്.തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം. | 3-18 |
| 40 | ഐ.എച്ച്.എസ്.ഡി.പി. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. | 3-19 |
| 41 | കെ.യു.ആർ.ഡി.എഫ്.സി.വായ്പാ തിരിച്ചടവ് -അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നില്ല, ലോൺ തിരിച്ചടയ്ക്കാൻ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക അടവാക്കാൻ വൈകിയതിന് ഉത്തരവാദികളിൽ നിന്നും പലിശ ഈടാക്കണം. | 3-20 |
| 42 | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 3-21 |
| 43 | ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല-പദ്ധതി റീ വിസിറ്റ് നടത്തണം | 3-22 |
| 44 | ആശ്രയയിലുൾപ്പെട്ട ഭൂരഹിതരായ എസ്.സി ഗുണഭോക്താക്കൾക്ക് പുനരധിവാസം നാളിതുവരെ സാധ്യമായിട്ടില്ല. ഭവന നിർമ്മാണത്തിനായി | 3-23 |

| | | |
|---|---|---|
| | വാങ്ങിയ ഭൂമി പാഴായി.വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | |
| 45 | ഭീമമായ വെള്ളക്കര കുടിശിക-പരിഹാരനടപടികൾ ത്വരിതമാക്കേണ്ടതാണ്. | 3-24 |
| 46 | മാലിന്യ സംസ്കരണം-അവലോകനം | 3-25 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 3-26 |
| 48 | പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.(ബോയ്സ്) നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 3-27 |
| 49 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-28 |
| 50 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 3-29 |
| 51 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 3-30 |
| 52 | പ്രിന്റിങ്ങ് ചാർജ്ജ്- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 3-31 |
| 53 | ടി.എ.അഡ്വാൻസ് നിയമപ്രകാരമുള്ള കാലാവധിയ്ക്കകം ക്രമീകരിച്ചില്ല | 3-32 |
| 54 | ജനന മരണ രജിസ്ട്രേഷൻ, വസ്തു നികുതി എന്നിവയുടെ ഡാറ്റാ എൻട്രി - അപാകതകൾ | 3-33 |
| 55 | എസ്.എസ്.എ വിഹിതം നൽകൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-34 |
| | ഭാഗം 4 | |
| 56 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 57 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 58 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 59 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 60 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 61 | ഓഡിറ്റ് റിക്കവറി | 4.6 |
| 62 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 63 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 64 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് 28.3.2015 ൽ കൗൺസിൽ അംഗീകരിച്ചു.എസ്റ്റിമേറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ വരവ് 78,52,75,516/-രൂപ,ചെലവ് 77,12,26,280/-രൂപ, 1,40,49,236/-രൂപ നീക്കിയിരിപ്പ്.പുതുക്കിയ ബജറ്റ് 31/08/2016 തിയതിയിലെ 1--ാം നമ്പര് തീരുമാനപ്രകാരം അംഗീകരിച്ചു. യഥാർത്ഥ കണക്ക് പ്രകാരം മുന്നിരിപ്പ് 11,64,60,927ഉൾപ്പെടെ വരവ് 41,45,36,409/-രൂപ,ചെലവ് 36,71,24,077/-രൂപ, 4,74,12,332/-രൂപ നീക്കിയിരിപ്പുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.7.2016 | 3.8.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് അപാകതകൾ

1. വാർഷിക കണക്കിൽ നാളിതു വരെയുള്ള ആസ്തി മൂല്യം കണക്കാക്കിയത് കൃത്യമല്ല. ഉദാ. 2010-11,2012-13 സാമ്പത്തിക വർഷങ്ങളിൽ നഗരസഭ യഥാക്രമം 46,60,500/-,49,70,510/- എന്നിങ്ങനെ ആധാരത്തിൽ മൂല്യം രേഖപ്പെടുത്തിയ ഭൂമി വാങ്ങിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഭൂമിയുടെ ആസ്തി രേഖപ്പെടുത്തിയിട്ടുള്ളത് 15,42,250രൂപയാണ്.

2. 31.3.15 ലെ ബാലൻസ് ഷീറ്റ്, 31.3.16ലെ ബാലൻസ് ഷീറ്റ് എന്നിവ വാർഷിക കണക്കിലെ കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3. rent receivables(civic amenities) ഇനത്തിൽ write off ചെയ്യുന്നതിന് രേഖപ്പെടുത്തിയ തുക rent receivables (current+arrears) നേക്കാൾ കൂടുതലാണ്.

4. ബാലൻസ് ഷീററിൽ depreciation രേഖപ്പെടുത്തിയിട്ടുള്ളത് Asset value വിന്റെ 30% വരെയാണ്.

5. വർഷാവസാനത്തിൽ നീക്കിയിരുപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6.ജീവനക്കാരുടെയും ട്രേഡേഴ്സിന്റെയും തൊഴിൽ നികുതി,വസ്തുനികുതി(തൻവർഷം,കുടിശ്ശിക),വാടക എന്നീ വരവിനങ്ങളുടെ വാർഷിക കണക്കുപ്രകാരമുള്ള തുകയും ഡി സി ബി രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 11,64,60,927

വരവ് - 17,55,30,932

ആകെ - 29,19,91,859

ചെലവ് -28,91,99,193

നീക്കിയിരിപ്പ്- 27,92,666

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | RP 40 പ്രകാരം നീക്കിയിരിപ്പ് | Transfer Credit |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23960471 | 57003123 | 80963594 | 56707299 | 0 | ** |
| വികസനഫണ്ട് എസ്.സി.പി. | 12161079 | 6599993 | 18761072 | 9909121 | 0 | 8851951 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 8639250 | 16222903 | 24862153 | 24862153 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 9342294 | 4563573 | 13905867 | 13905867 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 25822650 | 30923912 | 56746562 | 12212741 | 0 | 44533821 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 3763243 | 3312174 | 7075417 | 3458066 | 0 | 3617351 |
| എ.യു.ഇ,ജി.എസ് | 6174095 | 205353 | 6379448 | 3102649 | 3276799 | |
| ബി ഫണ്ട് | 0 | 59988721 | 59988721 | 59988721 | 0 | |

** ലാപ്സായ തുക24256295/-

*MG(R), MG(NR) എന്നിവയുടെ വരവ് ACR പ്രകാരം പൊരുത്തപ്പെടുത്തിയിരിക്കുന്നു.

കൺസോളിഡേറ്റഡ് ഫണ്ട്

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23960471 | 52822130 | 76782601 | 56707299 | 20075302 |
| വികസനഫണ്ട് എസ്.സി.പി. | 12161079 | 16101000 | 28262079 | 9909121 | 18352958 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 8639250 | 21309000 | 29948250 | 24862153 | 5086097 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 9342294 | 12397000 | 21739294 | 13905867 | 7833427 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 25822650 | 43106616 | 68929266 | 12212741 | 56716525 |
| പെർഫോമൻസ് ഗ്രാന്റ് | 3763243 | - | 3763243 | 3458066 | 305177 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 334 | 221292060 | 255 | 121055247 | | 79 | 76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.37.28തമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33894324 | 41020085 | 7125761 | +21.02 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 15533111 | 13616534 | -1916577 | -12.34 |
| മറ്റുവരവുകൾ | 3463575 | 17977191 | 14513616 | +419 |
| ആകെ | 52891010 | 72613810 | 19722800 | +37.28 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 328200 | 448 |
| കർഷകതൊഴിലാളി പെൻഷൻ | 3639300 | 468 |
| വിധവാപെൻഷൻ | 21870160 | 2399 |
| വാർദ്ധക്യകാലപെൻഷൻ | 24767280 | 4090 |
| വികലാംഗപെൻഷൻ | 6828090 | 665 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധന സഹായം | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2016 3.45pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 115524രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്.18/7/13 ലെ GO(MS)255/13 നം ഉത്തരവിൽ ആസ്തിരജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കി സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.ആസ്തികളുടെ സംരക്ഷണ,വിപുലീകരണപ്രവൃത്തികൾ ആവിഷ്കരിക്കുന്നത് കുറ്റമറ്റ രീതിയിലാണോ എന്ന് വിലയിരുത്തുന്നതിന് ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.പക്ഷെ മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള ആസ്തിരജിസ്റ്ററിൽ സംരക്ഷണ വിപുലീകരണപ്രവൃത്തികൾ നടത്തിയതിന്റെ വിവരങ്ങളും,ചെലവഴിച്ച തുകകളും രേഖപ്പെടുത്തിയിട്ടില്ല.ആസതികളിൽ കുറവ്,തേയ്മാനം എന്നിവ സംഭവിച്ചാലും സമയോചിതമായി രേഖപ്പെടുത്തലുകൾ വേണ്ടതാണ്. ആസ്തിരജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത്എത്രയും വേഗം കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.04.2015 മുതൽ 2.05.15 വരെ | 2012-13 മുതൽ 14-15 വരെ | 11.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.08.2014 | 2013 -2014 | 16.4.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിട നിർമ്മാണം- തുടർ നടപടി സ്വീകരിക്കണം.

1.സെൻട്രോമാൾ

കൊടുങ്ങല്ലൂർ നഗരസഭയിലെ 5ാം വാർഡിലുള്ളതും ലോകമലേശ്വരം വില്ലേജ് സർവ്വെ നം. 254/2,3,5 എന്നീ സബ് ഡിവിഷനുകളിൽപ്പെട്ട ഞാറക്കാട്ടിൽ ബഷീർ,ഹസീന,മതിലകം എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ സെൻട്രോ മാൾ എന്ന കമേഴ്സ്യൽ കെട്ടിടത്തിന് 7182.77 ച.മീറ്ററിൽ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച ബി.എ നം 655/11-12 അപേക്ഷയിൻ മേൽ 9.4.15 ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതായി കാണുന്നു. ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തുന്നതു സംബന്ധിച്ച പരിശോധന നടത്തിയതിൽ നിന്നും കെട്ടിടത്തിന്റെ നാലാം നിലയിൽ ടെറസ്സായി പെർമിറ്റ് അപേക്ഷയിൽ കാണിച്ചിരുന്ന ഭാഗത്ത് അനധികൃത നിർമ്മാണം നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് V/UA/652E നമ്പറായി അനധികൃത കെട്ടിട നമ്പർ നൽകി മൂന്നിരട്ടി നികുതിചുമത്തുന്നതിനാവശ്യപ്പെട്ട് 26.4.16 ന് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കുറിപ്പ് നൽകുകയും BA-655/11-12 തിയതി 3.8.16 പ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406.1(c) അനുസരിച്ച് അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗങ്ങൾ പൊളിച്ച് മാറ്റുന്നതിന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചില്ല.

കെട്ടിടത്തിന്റെ നാലാം നിലയിൽ 1225.85 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിൽ അനധികൃത നിർമ്മാണം നടത്തിയതിനാൽ ആകെ തറവിസ്തീർണ്ണം 3920.72 ൽ നിന്നും 5124.45 ച.മീറ്ററായി വർധിച്ചു. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 56(1)പ്രകാരം തറവിസ്തീർണ്ണം 4000 ച.മീറ്ററിൽ അധികരിക്കുന്ന കെട്ടിടങ്ങളുടെ ലേ ഔട്ടിന് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണെങ്കിലും ആയത് ലഭിച്ചിട്ടില്ല.

അനധികൃത നിർമ്മാണം മൂലം നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണം(plinth area)8643.28 ച.മീറ്ററായി വർധിക്കുകയും നാലാം നിലയിൽ മിനി തിയേറ്റർ ഓഡിറ്റോറിയം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫയർ & റസ്ക്യൂ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ പുതുക്കിയ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് സ്ഥാപനം നൽകിയ പ്ലാനിൽ നിന്നും വ്യത്യസ്തമായി കെട്ടിടത്തിനോട് ചേർന്ന് മുൻവശത്ത് വടക്ക് പടിഞ്ഞാറു ഭാഗത്തായി റിലീഫ് മെഡിക്കൽസ് എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്നതായി കണ്ടു. ടി കെട്ടിടത്തിന്റെ ഉടമസ്ഥൻ ശ്രീ. നജ്മുദ്ദീൻ, പുതിയവീട്ടിൽ എന്നയാളാണെന്ന് നഗരസഭയുടെ രേഖകളിൽ കാണുന്നു. ഇരു കെട്ടിടങ്ങളും വ്യത്യസ്ത ഉടമകളുടെ കെട്ടിടം ആണെങ്കിലും ടി റിലീഫ് മെഡിക്കൽസ് എന്ന സ്ഥാപനവും അനധികൃത നിർമ്മാണം നടത്തി രണ്ടു കെട്ടിടങ്ങളും തമ്മിൽ ആവശ്യമായ അകലം ഇല്ലാതെ ഒരേ ഭിത്തി തന്നെ പങ്കിടുന്നതായും കാണുകയുണ്ടായി. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 56.3(d) പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള കെട്ടിടത്തിന് വശങ്ങളിൽ ഒരു മീറ്റർ സ്ഥലവും ഓരോ മൂന്നു മീറ്റർ വർധനയ്ക്കും 50 സെന്റീമീറ്റർ എന്ന ക്രമത്തിൽ 5 മീറ്റർ വരെ തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത് പാലിച്ചിട്ടില്ല. 192 ച.മീറ്റർ അനധികൃത നിർമ്മാണം നടത്തിയ സ്ഥാപനത്തിന് V/UA 653(1) നമ്പർ നൽകി 65,319 രൂപ നികുതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി ഈടാക്കുകയോ തുടർ നടപടി സ്വീകരിച്ചതായോ കാണുന്നില്ല.

2.ക്രാഫ്റ്റ് ഹോസ്പിറ്റൽ

നഗരസഭയുടെ മൂന്നാം വാർഡിൽ ലോകമലേശ്വരം വില്ലേജ് 226,227,228സർവ്വെ നംപറുകളിൽ സ്ഥിതി ചെയ്യുന്ന ക്രാഫ്റ്റ് ഹോസ്പിറ്റൽ എന്ന സ്ഥാപനം നഗരസഭയുടെ അനുമതിയില്ലാതെ ഏഴ് നിലകളിലായി 10822.47 ച.മീറ്റർ വിസ്തൃതിയിൽ കെട്ടിടം നിർമ്മിച്ചതായും അനധികൃതനിർമ്മാണമായതിനാൽ കെട്ടിട നിർമ്മാണം നിർത്തി വയ്ക്കുന്നതിന് 12.12.13, 7.5.15 തിയതികളിൽ ആവശ്യപ്പെട്ടതായും സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1.7.15ലെ ചീഫ് ടൗൺ പ്ലാനറുടെ C.2/5715/D.dis കത്ത് പ്രകാരം സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് 13.10.15ലെ സി.ടി.പി.യുടെ C.2/8099/15/K.disകത്ത് പ്രകാരം 22 വ്യ വസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കി കെട്ടിട നിർമ്മാണത്തിന് അംഗീകാരം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു.മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 13.1.16ന് PCB/RO/EKM/TSR/OL-336/15 നമ്പറായും, ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നും 6.10.16 no.F.2-13079/16 നമ്പറായി ഇനീഷ്യൽ ഫയർ എൻ.ഓ.സി.യും ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന് സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. സി.ടി.പി. നിർദ്ദേശിച്ചിരുന്ന 22 വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന പരിശോധന നടത്തിയിട്ടില്ല. അതേ സമയം ടി സ്ഥാപനം നഗരസഭാ ഭൂമി കയ്യേറിയതായി pw.2-15694/16 ആയി ഒരു പരാതി നിലവിലുണ്ട്. ഇക്കാര്യത്തിലും തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിലും കെട്ടി നിർമ്മാണം

അനുസൃതം നടക്കുന്നതായി 30.12.16-ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.






3.കല്യാൺ ജ്വല്ലറി.

നഗരസഭയിലെ 5ാം വാർഡിലെ ലോകമലേശ്വരം വില്ലേജ് സർവ്വെ നം. 251/1,5 സർവ്വെകളിലായി സ്ഥിതി ചെയ്യുന്ന 49.42 സെന്റ് സ്ഥലത്ത് 7/540A നംപറായി സ്ഥിതി ചെയ്യുന്ന കല്യാൺ ജ്വല്ലറി എന്ന സ്ഥാപനത്തിന്റെ രണ്ടാം നിലയിൽ 253.83ച.മീറ്റർ വിസ്തീർണ്ണത്തിൽ അനധികൃതനിർമ്മാണം നടത്തിയത് കണ്ടെത്തിയതിനെ തുടർന്ന് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406.1(c) ൽ നിർദ്ദേശിക്കുന്ന താൽക്കാലിക ഉത്തരവ് പ്രകാരം അനധികൃതനിർമ്മാണം പൊളിച്ച് മാറ്റുന്നതിനും കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447 പ്രകാരം ലൈസൻസ്, സ്ഥാപനത്തിന്റെ കെട്ടിട നംപർ എന്നിവ റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയതായി ഫയൽ നം. ബി.എ.223/15-16 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

## 2-2 ഓറ എഡിഫൈ ഗ്ലോബൽ സ്കൂൾ–കെട്ടിട നിർമ്മാണചട്ടം,CRZ നിയമം ലംഘിച്ച് നിർമ്മാണ പ്രവൃത്തികൾ - കർശന നടപടി സ്വീകരിക്കണം.

നഗരസഭ വാർഡ് നം 15 ൽ പുല്ലൂറ്റ് വില്ലേജ് സർവ്വെ നം.489/2,488/1,490/1 ൽ പെട്ട 80.91 ആർ സ്ഥലത്ത് നഗരസഭയുടെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 1987.92 ച.മീറ്റർ വിസ്തീർണ്ണത്തിൽ ഓറ എഡിഫൈ എന്ന സ്കൂൾ ഉള്ളതായി കാണുന്നു. ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതിനാൽ നിലവിൽ 2370.47 ച.മീറ്റർ വിസ്തൃതി ഉള്ളതായും മേൽ സർവ്വെ നമ്പറുകളിൽപെട്ട ഭൂമിയിൽ 1183.36 ച.മീറ്റർ വിസ്തീർണ്ണത്തിൽ അനധികൃതമായി പുതിയ കെട്ടിടം നിർമ്മിച്ചതായും ഫയൽ പ്രകാരം കാണുന്നു. പുതിയതായി നിർമ്മിച്ച കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി BA 103/16-17 നംപറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 19.7.16ന് പുല്ലൂറ്റ് വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ് നം. 19446581 പ്രകാരം (ബി.ടി.ആർ പ്രകാരം) ടി സ്ഥലത്തിൽ 490/1 സർവ്വെയിൽ

പെട്ട 1.82 ആർ ഒഴികെയുള്ള 79.09 ആർ സ്ഥലവും നിലം ആയിട്ടാണ് രേഖപ്പെടുത്തി കാണുന്നത്. ഓറ സ്കൂളിന്റെ ഉടമയായ ശ്രീ. കെ.കെ. അഷറഫ് എന്നയാളുടെ പേരിൽ ടി സ്ഥലങ്ങളെല്ലാം തന്നെ 2008-ലെ നെൽവയൽ നീർത്തട തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന് കാണുന്നു.

1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം ബി.ടി.ആർ.(അടിസ്ഥാന നികുതി രജിസ്റ്റർ)ൽ നിലമായി രേഖപ്പെടുത്തിയ സ്ഥലത്തിന് അടിസ്ഥാന നികുതി രജിസ്റ്ററിൽ ഭൂമിയുടെ തരം മാറ്റുന്നതിന് ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവ് ആവശ്യമാണെന്ന് ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം 2749/15 വിധി ന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കാര്യം 19.9.16 ലെ നം.130/RA.1/2016ത.സ്വ.ഭ.വ സർക്കുലറിൽ പ്രസ്താവിച്ചിട്ടുള്ളതുമാണ്. 2008 ൽ നെൽവയൽ നീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന ശേഷം ഡാറ്റാ ബാങ്ക്/കരട് ഡാറ്റാ ബാങ്ക് രൂപീകരിച്ച സംഗതിയിൽ തണ്ണീർത്തടമായി/നിലമായി തുടരുന്ന സ്ഥലങ്ങളിൽ നിയമത്തിൽ നിശ്ചയിച്ച പരിധിക്കുള്ളിൽ പ്രാദേശിക നിരീക്ഷണ കമ്മിറ്റിയുടെ അനുമതിയോടുകൂടി ഭവന നിർമ്മാണം നടത്തുന്നതിലേക്കായി ഭൂമിയുടെ തരം ക്രമവൽക്കരിക്കുന്നതിന് വ്യവസ്ഥയുണ്ട്. സർക്കാർ അനുമതി നൽകുന്ന കാര്യങ്ങളിൽ ഒഴികെ മറ്റ് ആവശ്യങ്ങൾക്കായി ഇത്തരം ഭൂമിയിൽ കെട്ടിട നിർമ്മാണം നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ല. എന്നാൽ ക്ഷമതയുള്ള ഒരു അധികാര സ്ഥാനത്തിന്റെ (competant authority) അനുമതി/സാക്ഷ്യപത്രം ഇല്ലാതെ ബി.ടി.ആർ പ്രകാരം നിലമായി കാണുന്ന ഭൂമിയിൽ വിദ്യാഭ്യാസ ആവശ്യത്തിനായി കെട്ടിട നിർമ്മാണം നടത്തിയത് നഗരസഭ അംഗീകരിച്ച് നമ്പറിട്ട് നൽകിയതായും അതേ സമയം പുതിയ കെട്ടിട നിർമ്മാണ അപേക്ഷ നിലം എന്ന കാരണത്താൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ മൂന്നാം നിലയിൽ നടത്തിയ അനധികൃതനിർമ്മാണത്തിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിന് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 406.1 (c)പ്രകാരം അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 30.12.16 ന് നഗരസഭയിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള കായലിനോട് ചേർന്ന് സ്ഥിതിചെയ്യുന്നതും കണ്ടൽക്കാടുകൾ നിറഞ്ഞുനിന്നിരുന്നതുമായ ചതുപ്പ് നിലത്തിൽ നഗരസഭയുടെ അനുമതി കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഡെവലപ്മെന്റ് പെർമിറ്റ് എടുക്കാതെയും CRZ നിയമങ്ങൾ ലംഘിച്ചും ഏകദേശം നൂറ് മീറ്ററോളം നീളത്തിൽ ജലാശയത്തിനോട് ചേർന്ന് ഫൗണ്ടേഷൻ നിർമ്മിച്ച് എർത്ത് ഫില്ലിംഗ് നടത്തി ഗ്രൗണ്ടായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തേണ്ടതും ആവശ്യമെങ്കിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 16 പ്രകാരമുള്ള നടപടികൾ/നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.





## 2-3 <u>നഗരസഭ - പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്ക്കരണം നടത്തിയിട്ടില്ല-ഭീമമായ വരവ് നഷ്ടം</u>

2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം നഗരസഭ വസ്തുനികുതി പരിഷ്ക്കരണം വരുത്തേണ്ടതാണ്. 30.5.2011 ലെ 1(a) കമ്മിറ്റി തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് പുതിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്ക്കരണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. തി. 15.03.2013 ലെ സ.ഉ(അ) നമ്പർ 100/2013 /തസ്വഭവ സർക്കാർ ഉത്തരവ്വ പ്രകാരം കേരള മുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ 2013 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

വസ്തുനികുതി പരിഷ്ക്കരണം ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ R1- 3859/11 ) വസ്തുനികുതി പരിഷ്ക്കരണം

നടപ്പാക്കാൻ നടപടി ആരംഭിച്ചെങ്കിലും പരിഷ്കരണം നിർത്തിവയ്ക്കുകയാണുണ്ടായത്. വസ്തുനികുതി പരിഷ്കരണം താൽക്കാലികമായി നിർത്തിവയയ്ക്കാൻ ചെയർപേഴ്സൺ 20.4.15 ൽ ഉത്തരവിട്ട വിവരം നഗരകാര്യ ഡയറക്ടർ മുഖേന 29.4.15 ന് R1- 3859/11 കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചതായി കാണുന്നു.വസ്തുനികുതി പരിഷ്കരണം താൽക്കാലികമായി നിർത്തിവയ്ക്കുവാനുള്ള ചെയർപേഴ്സന്റെ ഉത്തരവ് ഫയലില്ല. പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കേണ്ടതില്ലെന്നും പുതിയതായി കംപ്ലീഷൻ നൽകി നമ്പറിടുന്ന കെട്ടിടങ്ങൾക്ക് പുതിയ ഉത്തരവ് പ്രകാരമുള്ള നികുതി ഈടാക്കിയാൽ മതിയെന്ന് ഭരണസമിതി 31.12.15 ന് 10-ാം നമ്പർ തീരുമാനമെടുത്തു കാണുന്നു. ഇത്തരം നടപടികളാൽ നഗരസഭയ്ക്ക് ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തുനികതി പരിഷ്കരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള സ.ഉ (എം.എസ്) 144/15/തസ്വഭവ തി. 27.4.15 പ്രകാരം പഴയകെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയം ചെയ്യാത്തതിനാൽ നഗരസഭയ്ക്കുണ്ടാവുന്ന നഷ്ടം ഉദാഹരണമായി താഴെ ചേർക്കുന്നു.

<u>വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം</u>

| കെട്ടിടനമ്പർ | വസ്തുനികുതി (ഈടാക്കുന്നത്) | വിസ്തീർണ്ണം / M2 | അടിസ്ഥാന വസ്തുനികുതി (പുതിയ നിരക്കിൽ) | നഷ്ടം |
|---|---|---|---|---|
| XII/466 (7F) | 28100 | 497.19 | 56200 (497.19X120 വർദ്ദനവ് 100% മായി നിജപ്പെടുത്തി) | 28100 |
| XII/466 (7A) | 43500 | 573.02 | 68763 (573.02 x120) | 25263 |
| VII/310 (A) | 6256 | 366.20 | 12512 (366.20x80 വർദ്ധനവ് 100% മായി നിജപ്പെടുത്തി) | 6256 |
| VII/16 (2) | 12288 | 213.16 | 17053 (213.16x80) | 4765 |
| V/89 (B) | 7045 | 274.80 | 14090 (274.80x80 വർദ്ധനവ് 100% മായി നിജപ്പെടുത്തി | 7045 |

<u>താമസാവശ്യത്തിനുള്ള കെട്ടിടം</u>

| കെട്ടിടനമ്പർ | വസ്തുനികുതി (ഈടാക്കുന്നത്) | വിസ്തീർണ്ണം / M2 | അടിസ്ഥാന വസ്തുനികുതി (പുതിയ നിരക്കിൽ) | നഷ്ടം |
|---|---|---|---|---|
| V/89 (A) | 1118 | 288.57 | 1398 | 280 |

| | | | | |
|---|---|---|---|---|
| | | | | (288.57x12വർദ്ധനവ് 25% മായി നിജപ്പെടുത്തി) |
| V/47 | 692 | 200.60 | 865 | 173<br>(200.60x12 വർദ്ധനവ് 25% മായി നിജപ്പെടുത്തി) |
| IX/334 | 716 | 195.45 | 895 | 179<br>(195.45x12 വർദ്ധനവ് 25% മായി നിജപ്പെടുത്തി) |

2010-2011 ,2011-12സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി ഡിമാന്റ് യഥാക്രമം 76,26,650, 1,11,62,211 രൂപയാണ്.ആയിരത്തിൽപ്പരം വാണിജ്യവ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കൊടുങ്ങല്ലൂർ നഗരസഭയിൽ പഴയകെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നടപ്പാക്കാത്തതിനാൽ കോടികളുടെ വരവ് നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കാവുന്നതാണ്. നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗമായ വസ്തുനികുതി ഈടാക്കുന്നതിന് ഫലപ്രദമായ നടപടി നഗരസഭ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/23.12.2016 ന് 44 വാർഡുകളിലേയും നമ്പറിംഗ് പൂർത്തിയാക്കിയിട്ടുണ്ടെന്നും സഞ്ചയസോഫ്റ്റ് വെയറിൽ നമ്പർ നൽകി കെട്ടിടങ്ങളുടെ വിവരങ്ങൾ ഡാറ്റാഎൻട്രി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി നൽകി.

വസ്തുനികുതിപരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഏറെകുറെ സാമ്പത്തിക ഭദ്രത ഉറപ്പാനാകും എന്നിരിക്കെ നികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയാക്കാത്തത് നഗരസഭയുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പരിഷ്കരണം ദ്രുതഗതിയിൽ പൂർത്തീകരിയ്ക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

## **2-4** <u>വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു.</u>

താമസാവശ്യത്തിന് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. താമസാവശ്യത്തിന് വസ്തുനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതിന്റെ വിവരങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ലൈസൻസ് അനുവദിച്ച തിയതി | സ്ഥാപനം ഉടമ |
|---|---|---|
| 5/38 | 2.02.2015 | ഹാന്റിക്രാഫ്റ്റ് |
| 5/41 | 18.03.2015 | ടീഷോപ്പ് |
| 7/108 | 25.02.2015 | ഫ്ലോർ മില്ല് |

വാണിജ്യ/വ്യവസായ സ്ഥാപനങ്ങളെ കേരളമുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233 പ്രകാരം ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും 230-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ചുമത്താവുന്ന സേവന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി നികുതി നിർണ്ണയം ചെയ്യുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## **2-5** <u>വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്ന പോലെ വസ്തുനികുതി അടവാക്കുന്നു</u>

കൊടുങ്ങല്ലൂർ നഗരസഭയിൽ വാണിജ്യ/വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്ന പോലെ വസ്തുനികുതി അടവാക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ലൈസൻസ് അനുവദിച്ച തിയതി | സ്ഥാപനം ഉടമ |
|---|---|---|
| 7/192 | 5.02.2015 | ആയുർവ്വേദ മെഡിസിൻ ഉല്പാദക യൂണിറ്റ് |
| 3/27 | 11.02.2015 | ജോജോ ബ്രദേഴ്സ് കൊപ്ര സംഭരണം |
| 3/46 | 16.03.2015 | അഗ്രികൾച്ചറൽ നേഴ്സറി |
| 2/55 | 21.08.2015 | ടൈലറിംഗ് |
| 7/27 | 6.02.2015 | കംപ്യൂട്ടർ ട്രൈനിംഗ് സെന്റർ |
| 5/38A | 15.05.2015 | ഡ്രീം വെൽ ബെഡ് ഫർണ്ണീച്ചർ & ബെഡ് വില്പന |

സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുമ്പോൾ കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉറപ്പുവരുത്തേണ്ടതും ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നികുതി പുനർനിർണ്ണയം നടത്തേണ്ടതും വരവ് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-6 മാർക്കറ്റ് ലേലം - നഗരസഭയ്ക്ക് നഷ്ടതുക ഈടാക്കാനായിട്ടില്ല

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള കോട്ടപ്പുറം മാർക്കറ്റ് ഫീസ് കുത്തകാവകാശ ലേലം 9.03.2016 ന് ശ്രീ. പ്രശാന്ത് എം.പി, മണലിക്കാട്ടിൽ എന്നയാൾ 10,50,000രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതാണ്. ലേലവ്യവസ്ഥ അംഗീകരിച്ചു കൊണ്ടുള്ള എഗ്രിമെന്റും 7 ലക്ഷം രൂപയുടെ ഡെപ്പോസിറ്റും (ദേവകി എന്നവർ മണലിക്കാട്ടിൽ പ്രശാന്ത് എന്നയാൾക്ക് നൽകിയ ബാങ്ക് ഡെപ്പോസിറ്റ്), നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റും ടിയാൻ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ 5/2016 മുതൽ കരാറുകാരൻ മാർക്കറ്റ് ഫീസ് അടവാക്കിയില്ല.

തുക അടവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ നോട്ടീസ് നൽകിയിരുന്നുവെങ്കിലും തുക അടവാക്കാത്ത സാഹചര്യത്തിൽ 7.09.2016 ലെ കൗൺസിൽ തീരുമാനപ്രകാരം മാർക്കറ്റ് ഫീസ് പിരിയ്ക്കുന്നതിനുള്ള കുത്തകാവകാശം 9.09.16 മുതൽ ടിയാനിൽ നിന്നും റദ്ദ് ചെയ്യുകയും പുനർലേലം ചെയ്യുകയും ചെയ്തു. നഗരസഭയ്ക്ക് നഷ്ടമായ മാർക്കറ്റ് ഫീസ് 350000 (4x87500) രൂപയും സർവ്വീസ് ടാക്സ് 52500 രൂപയും പിഴപ്പലിശ ഇനത്തിൽ 17500 രൂപയും ( ആകെ 420000 രൂപ) നഗരസഭ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് വരവു വെയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തു. തുക അടവാക്കാത്ത സാഹചര്യത്തിൽ ബാങ്ക് ഗ്യാരന്റിയായി വച്ചിട്ടുള്ള ഫിക്സഡ് ഡെപ്പോസിറ്റ് നഗരസഭ ഫണ്ടിലേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് വെള്ളാങ്കല്ലൂർ സർവ്വീസ് സഹകരണബാങ്കിന് കത്തു നൽകി. ദേവകി എന്നവർ മണലിക്കാട്ടിൽ പ്രശാന്ത് എന്നയാൾക്ക് ബാങ്ക് ഗ്യാരന്റിയായി ഡെപ്പോസിറ്റ് രസീതികൾ നല്കിയിട്ടുള്ള വിവരം നഗരസഭയുടെ കത്ത് ലഭിച്ചപ്പോൾ മാത്രമാണ് ബാങ്ക് അറിഞ്ഞിട്ടുള്ളതെന്നും ബാങ്ക് ഡെപ്പോസിറ്റ് രശീതികളിൽ Lien രേഖപ്പെടുത്താത്തതിനാൽ ഡെപ്പോസിറ്റ് തുക കോടതി ഉത്തരവ് ഹാജരാക്കുന്നതുവരെ മുനിസിപ്പാലിറ്റിക്കോ ദേവകിക്കോ കൈമാറേണ്ടതില്ല എന്ന തീരുമാനമാണ് ബാങ്ക് നഗരസഭയെ അറിയിച്ചിട്ടുള്ളത്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുഛേദം 140 (1) (a) പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകിയ സ്ഥിരനിക്ഷേപങ്ങൾ ബാങ്കിൽ/ട്രഷറിയിൽ അടവാക്കുന്നതിനുതിന് സർക്കുലർ നം. 80/10 തി.27.8.10 ആയി ധനവകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ബാങ്ക് ഡെപ്പോസിറ്റ് രശീതികൾ lien/ charge മാർക്ക് ചെയ്യാത്തതിനാലും സർക്കാർ

നിർദ്ദേശം പാലിക്കാത്തതിനാലും നഗരസഭയ്ക്ക് തുക ഈടാക്കാനായില്ല. തുക ഈടാക്കുന്നതിന് കോടതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി നഗരസഭ സ്വീകരിക്കേണ്ടതായുംവന്നു.മേൽ അപാകതകൾ ഒഴിവാക്കേണ്ടതും നഷ്ടതുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 നഗരസഭ ലേലം- നിബന്ധന പാലിച്ചില്ല

2016-2019 വർഷത്തേയ്ക്കുള്ള ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കൽ ലേലം 9.3.16 ന് നടന്നിട്ടുള്ളതും ഇ.എസ് ഹൈഡ്രോസ് , ഏറാട്ട് പറമ്പിൽ എന്നയാൾ 25513/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ളതുമാണ്.എന്നാൽ ലേലനിബന്ധന പാലിക്കാതെ ലേലം ചെയ്തതായി കാണുന്നു.

നഗരസഭയുടെ ലേലനിബന്ധന (4) പ്രകാരം ഏതെങ്കിലും ഇനത്തിന് 50000 രൂപയോ അതിൽ കുറവോ ആയ സംഖ്യയ്ക്ക് കുത്തക എടുക്കുന്നവർ ലേലസംഖ്യ മുഴുവൻ ലേലം ഉറപ്പിച്ചയുടൻ കെട്ടിവെയ്ക്കേണ്ടതാണ്. എന്നാൽ 12513 രൂപ കഴിച്ച് ബാക്കി തുക 5000/- വീതം 22.7.16, 25.11.16 എന്നീ തീയതികളിലായാണ് അടവാക്കിയിട്ടുള്ളത്.ബാക്കി തുക 3000/- ഇനിയും അടവാക്കേണ്ടതായുണ്ട്. ലേലതുകയിൽ ബാക്കിയുള്ള തുക ഒരാഴ്ചക്കുള്ളിൽ ഒടുക്കാമെന്ന് കരാറുകാരൻ നഗരസഭയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ ഈ കരാർ പാലിക്കപ്പെട്ടിട്ടില്ല.

ബാക്കിതുകയും കാലതാമസം മൂലം നഗരസഭയ്ക്കുണ്ടായ നഷ്ടവും ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 7/24.12.2016 ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ലേലനിബന്ധന പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-8 ടൗൺ ഹാൾ നവീകരണം -സിവിൽ,ഇലക്ട്രിക് പ്രവൃത്തികൾ സമയോചിതമായ നടപടികളില്ല-വാടകയിനത്തിൽ നഷ്ടം

നഗരസഭാ കൗൺസിലിന്റെ 2/29/8/13 നമ്പർ തീരുമാനമനുസരിച്ച് ടൗൺ ഹാൾവാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും നവീകരണ പ്രവൃത്തികളുടെഭാഗമായി 1/7/14 മുതൽ ഇത് അടച്ചിട്ടിരിക്കുകയാണ്.സിവിൽ പ്രവൃത്തികൾക്കു വേണ്ടി 80,00,000 അടങ്കലിൽ 180/15 എന്ന പദ്ധതി ആവിഷ്കരിച്ചു.5339048 രൂപയുടെ ഡിറ്റയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം 27/2/15 ന് ടെണ്ടർ ചെയ്ത മേൽ പ്രവൃത്തിക്ക് ശ്രീ.കെ.പി. അങ്കുഷ് എന്ന കരാറുകാരന്റെ 22.99% കുറവ് എന്ന നിരക്ക് അംഗീകരിച്ചത് പ്രകാരം 4/3/15-ന് ടിയാനുമായി കരാറിലേർപ്പെട്ടു. (കരാർ നം.ചേർത്തിട്ടില്ല.) 4/3/15 ലെ വർക്ക് ഓഡർ പ്രകാരം 25 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമായിരുന്നുവെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷമേ സാനിറ്ററി വർക്ക് ഒഴികെയുള്ള പ്രവൃത്തികൾ ചെയ്യാൻ കഴിയൂ എന്ന് ചൂണ്ടിക്കാട്ടി കരാറുകാരൻ8/6/15 ന് കത്ത് നൽകി.2015-16-ലെ സ്പിൽ ഓവർ പ്രൊജക്ടായ SOO67/16 പ്രകാരം 3966495 രൂപ അടങ്കലുള്ള ഈ പ്രവൃത്തിയിൽ ഒന്നാം ഭാഗികബിൽ പ്രകാരം 385345 രൂപയുടെ പ്രവൃത്തിയാണ് നടന്നിട്ടുള്ളത്. കരാറുകാരൻ അനുബന്ധകരാർ ചമച്ചിട്ടില്ലാത്തതുമാണ്.

ഇലക്ട്രിഫിക്കേഷന് പ്രവൃത്തികൾക്കായി 2800000 അടങ്കലിൽ ആലിഷ്കരിച്ച പദ്ധതിയുടെ (പ്രൊജക്റ്റ് നം.87/16)ഒന്നാം ഭാഗിക ബിൽ പ്രകാരം 1072566 രൂപയുടെ പ്രവൃത്തിയാണ് പൂർത്തിയാക്കിയിട്ടുള്ളത്.കരാറനുസരിച്ച്(നം.179/15-16 /1/3/16) ആറുമാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കണമെങ്കിലും ഇതുവരെ അനുബന്ധകരാർ ചമച്ചിട്ടില്ല. ഇതിനിടെ ഹാളിന്റെ മേൽക്കൂര ചോർച്ചയുണ്ടെന്ന് ചൂണ്ടിക്കാട്ടിഅതിനായി പുതിയ പദ്ധതി ആവിഷ്കരിച്ച് കരാറിലേർപ്പെട്ടിട്ടുമുണ്ട്. ആദ്യ പദ്ധതിയിൽ തന്നെ ഈ മേൽക്കൂരയുടെ ഭാഗികമായ അറ്റകുറ്റപ്പണിക്ക് തുക വകയിരുത്തിയിരുന്നതാണ്. അപ്പോഴെ തന്നെ മുഴുവൻ മേൽക്കൂരയുടെയും അറ്റകുറ്റപ്പണിക്ക് തുക വകയിരുത്തിയിരുന്നുവെങ്കിൽ കാലതാമസം ഒഴിവാക്കാമായിരുന്നു.

രണ്ടു വർഷത്തിലേറെയായി ടൗൺഹാൾ വാടകക്ക് നൽകുവാൻ കഴിയാതെ പോകുന്നത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്.പദ്ധതികൾ ശരിയായി ആസൂത്രണം ചെയ്ത് കുറ്റമറ്റ രീതിയിൽ നടപ്പാക്കിയിരുന്നുവെങ്കിൽ നഗരസഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ ഉതകുന്ന തരത്തിലുള്ള നല്ലൊരു ആസ്തിയായി ഇതിനെ മാറ്റുവാൻ കഴിയുമായിരുന്നു.

പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികളെടുക്കേണ്ടതും അപാകതകൾ സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.






## 2-9 ഡി ആന്റ് ഒ ലൈസൻസ് -അപാകതകൾ

1.അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല

2.വ്യാവസായിക /നിർമ്മാണ സ്ഥാപനങ്ങളിൽ എത്ര എച്ച്.പി യുടെ യന്ത്ര സാമഗ്രികളാണ് ഉപയോഗിക്കുന്നതെന്നാണ് ഡി.ആന്റ്.ഓ ലൈസൻസ് അപേക്ഷകളിൽ കാണിക്കുന്നില്ല

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|
| രാജേന്ദ്രൻ ,കരിനാട്ട് വീട്,2/117(1) | ഫ്ളോർമിൽ |
| ജമീല പുതിയ വീട്ടിൽ,2(129b) | ഫ്ളോർമിൽ |
| മുരളീധരൻ പീടികപറമ്പിൽ,5/273 | ഫ്ളോർമിൽ |
| അജിത്കുമാർ പി കെ, ഉത്രാടം സ്റ്റീൽസ് | വെൽഡിംഗ് വർക്ക് ഷോപ്പ് |

| | |
|---|---|
| | |
| | |
| ദിനേശ്കുമാർ കോഴിപറമ്പിൽ,1/3(2) | സോപ്പ് മാനുഫാക്ചറിംഗ് |

3 പെട്രോൾ പമ്പുകളുടെ ടേണോവർ വ്യക്തമാക്കാതെയാണ് ഡി & ഒ പിരിക്കുന്നത്

4) ലൈസൻസ് അപേക്ഷകളോടൊപ്പം പൊതുവായി സമർപ്പിക്കേണ്ട രേഖകളും ചില സ്ഥാപനങ്ങൾക്ക് പ്രത്യേകമായി സമർപ്പിക്കേണ്ട രേഖകളും ഉണ്ട്. അത്തരം രേഖകൾ ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ലൈസൻസിയുടെ പേര് | സ്ഥാപനം | ആവശ്യം വേണ്ട രേഖകൾ |
|---|---|---|
| മൈത്രേയൻ പി എം ,പെട്ടിക്കാട്ടിൽ വീട്2/70(A,B) | കോഴി ഫാം | അപേക്ഷ അപൂർണ്ണമാണ്. കോഴികളുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| അബിത സുധീഷ് | കോഴി ഫാം | അപേക്ഷ അപൂർണ്ണമാണ്.കോഴികളുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല |
| അജിത്കുമാർ പി കെ ,ഉത്രാടം സ്റ്റീൽസ് | വെൽഡിംഗ് വർക്ക് ഷോപ്പ് | ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രം |
| ശ്രീ വിനായക | ഗ്യാസ് ഏജൻസി | എക്സ്പ്ളോസീവ് ലൈസൻസ്, ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രം |

.

മതിയായ രേഖകൾ അപേക്ഷയോടൊപ്പം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 2-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

I.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1. | ത്രിവേണി അലുമിനിയം അലൈഡ്സ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 2. | ത്രിവേണി ഹാർഡ് വേർ | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 3 | പവിഴം ജ്വല്ലറി | ഈടാക്കി | ഈടാക്കിയിട്ടില്ല. |
| 4. | ഇറാം മോട്ടോഴ്സ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 5. | മണപ്പുറം ബെനിഫിറ്റ്സ് ഫണ്ട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 6. | പിട്ടാപ്പിള്ളിൽ ഏജൻസീസ് | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 7. | ജോസ്കോ ജ്വല്ലറി | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 8. | ഹോട്ടൽ നാലുമാക്കൽ | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 9. | മലബാർ ഗോൾഡ് | ഈടാക്കി | ഈടാക്കിയിട്ടില്ല. |
| 10. | ശ്രീ വിനായക ഗ്യാസ് ഏജൻസീസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 11. | ഇരിങ്ങാലക്കട കുറീസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 12. | ബ്ളൂ ബെൽസ് | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 13. | മെഡിവിഷൻ ലാബ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 14. | കോസ്മോ ഫാർമ | ഈടാക്കി | ഈടാക്കിയിട്ടില്ല. |
| 15. | ബ്രില്ല്യൻസ് കോളേജ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 16. | ഹോട്ടൽ പ്രശാന്തി ബീർ & വൈൻ പാർലർ | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 17. | വിക്രം ഏജൻസീസ് മെഡിക്കൽ ഡിസ്ട്രിബ്യൂഷൻസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 18. | ജിയോജിത്ത് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 19. | പ്രഭ കോളേജ് | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 20. | വിജയ ബാങ്ക് | ഈടാക്കി. | ഈടാക്കിയിട്ടില്ല. |
| 21 | ജി ടെക് കംപ്യൂട്ടർ എഡ്യൂക്കേഷൻ | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 22 | ഗ്രാന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 23 | ഗോകുലം ചിറ്റ്സ് & ഫൈനാൻസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 24 | എസ് എൻ വിദ്യാഭവൻ | ഈടാക്കിയിട്ടില്ല. | ഈടാക്കി |
| 25 | പ്രിയദർശിനി ഡ്രൈവിംഗ് സ്കൂൾ | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 26 | ഏവിയോൺ സോഫ്റ്റ്വേർ ഡവലപ്പമെൻറ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 27 | സെന്ട്രോ മാളിലെ മാക്സ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 28 | അർച്ചന നഴ്സിംഗ് ഹോം | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| 29 | വെഹിക്കിൾസ് ഓഫ് ഇന്ത്യ ബജാജ് ഷോറൂം | ഈടാക്കി | ഈടാക്കിയിട്ടില്ല |
| 30 | ജികെ മോട്ടോഴ്സ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |

II. സോമില്ലുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

മുകളിൽസൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കുകയും, വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.(എൻക്വയറി നം 41/31.12.16)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നഗരസഭാ എൻജിനീയർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.നഗരസഭാ ബസ്സ്റ്റാന്റിൽ കാനനിർമാണവും ഫാക്ടറി മേഡ് സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്കിങ് പേവർ പതിക്കലും

അടങ്കൽ

| | |
|---|---|
| വികസനഫണ്ട് | 1773551 |
| സി.എഫ്.സി ഗ്രാന്റ് | 1662068 |
| സംരക്ഷണഗ്രാന്റ് | 1627200 |
| ലോകബാങ്ക് സഹായം | 140380 |
| ആകെ | 5203199 |

കരാറുകാരൻ -ശ്രീ. പി.എ.കാസിം(12.57%കുറവ്)

അളവുപുസ്തകം-166/15-16

കരാർ നം.166/15-16/26/2/16

ബിൽ നം. 189/30/3/16906307 (ഒന്നാം ഭാഗിക ബില്ലിന് ശേഷമുള്ള അളവുകൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല)

അപാകതകൾ

1.1997 ലെ കേരള പഞ്ചായത്ത് രാജ്/നഗരസഭാ പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം 50 ലക്ഷത്തിന് മേൽ അടങ്കൽ വരുന്ന പ്രവൃത്തികളുടെ ടെണ്ടർ സമർപ്പിക്കാൻ 20 ദിവസം സമയം നല്കേണ്ടതും രണ്ട് മലയാള ദിനപത്രത്തിലും ദേശീയപ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപത്രത്തിലും പരസ്യം നല്കേണ്ടതുമാണ്. പക്ഷേ 10/2/16-ലെ PW1-1307/16 നം. നോട്ടീസ് പ്രകാരമാണ് നോട്ടീസ് പരസ്യപ്പെടുത്തിയത് തന്നെ. 15/2/16 വരെയേ ടെണ്ടർ സമർപ്പിക്കാൻ സമയം നൽകിയുള്ളൂ. പത്രങ്ങളിൽ ടെണ്ടർ പരസ്യപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2.കരാർ ചമച്ചത് 26/2/16 ന് ആയിരുന്നവെങ്കിലും പ്രവൃത്തിക്കാവശ്യമായ 100mm ഫാക്ടറി മേഡ് സി.സി.ഇന്റർലോക്കിങ് പേവറിന്റെ കരുത്ത് ടെസ്റ്റ് ചെയ്യുവാൻ തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിലേക്ക് കത്തയച്ചിരിക്കുന്നത് 20/2/16-നാണ്. കരാറുകാരൻ ഇവ ലഭ്യമാക്കിയതിന്റെ യാതൊരു വിവരവും അളവുപുസ്തകത്തിൽ നാളിതുവരെ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന് 26/2/16 ന് നൽകിയ വർക്ക് ഓഡർ ഒന്നാം നിബന്ധന പ്രകാരം എഗ്രിമെന്റ് വെക്കും മുമ്പേ പ്രവൃത്തി തുടങ്ങാൻ പാടില്ലാത്തതുമാണ്.

3.2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2010 നം. നിബന്ധന പ്രകാരം 2000E നം. ഫോമിലാണ് കരാർ വെക്കേണ്ടത്. പക്ഷെ കരാർ വെച്ചിരിക്കുന്നത് മദ്രാസ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാമുള്ള ഫോമിലാണ്. ഇത് ശരിയായ നടപടിക്രമമല്ല.

4.ബസ്സ്റ്റാന്റിൽ ഫാക്ടറി മേഡ് സിമന്റ് കോൺക്രീറ്റ് ഇന്റർലോക്കിങ് പേവർ പതിച്ചിട്ടുണ്ടെങ്കിലും (ഇതിന്റെ ബിൽ തയ്യാറാക്കിയിട്ടില്ല) ഇത് സംബന്ധിച്ച യാതൊരു വിവരവും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറിലെ 6 നം. ഇനമനുസരിച്ച് 510 m3 സ്റ്റോൺ അഗ്രിഗേറ്റ്, 1700m2 100mm ഫാക്ടറി മേഡ് സിമന്റ് കോൺക്രീറ്റ് ഇന്റർലോക്കിങ് പേവർ എന്നിവ കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. കരാറുകാരൻ അളവ് സമ്മതിച്ചിട്ടില്ലാത്ത നിലക്ക് എത്ര m3 സ്റ്റോൺ അഗ്രിഗേറ്റ് ലഭ്യമാക്കി എന്ന് വിലയിരുത്തുവാൻ കഴിയുകയില്ല.

5.അളവുപുസ്തകത്തിലെ 22 വരെയുള്ള പേജുകൾ പ്രകാരം കാനപണി മാത്രമേ30/3/16വരെ രേഖപ്പെടുത്തിയിട്ടുള്ളൂ. അടങ്കൽ പ്രകാരം 3055351.72രൂപയുടെ കോൺക്രീറ്റ് ബ്ളോക്ക് പണി ഇനം 6,7,8 എന്നിങ്ങനെയായി ചെയ്യേണ്ടതാണ്.

ഈ ഇനങ്ങളാണ് അളവുപുസ്തകത്തിൽ ഇതുവരെ രേഖപ്പെടുത്താതെ പോയിട്ടുള്ളത്.

6.മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും സുതാര്യമായ രീതിയിലല്ല നടപടിക്രമങ്ങൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. അളവുപുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതും എത്രയും വേഗം ചെയ്ത പ്രവൃത്തികളുടെ ശരിയായ അളവുകൾ രേഖപ്പെടുത്തി വിവരമറിയിക്കേണ്ടതുമാണ് എന്നുള്ള 8/26/12/16 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി അടിയന്തിരമായി ചെയ്യേണ്ടതിനാലാണ് നേരത്തെ തന്നെ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് കരുത്ത് ടെസ്റ്റ് ചെയ്യാൻ അയച്ചതെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അളവുപുസ്തകത്തിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിന്റെ കാരണമൊന്നും തന്നെ സൂചിപ്പിച്ചിട്ടില്ലാത്തതാണ്.

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2211 (1) അനുസരിച്ച് തിയ്യതി തോറുമുള്ള അളവുകൾ അളവു പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന പാലിയ്ക്കപ്പെട്ടിട്ടില്ല.

30/12/14-ന് നഗരസഭയിലെ സെക്കന്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി. ധന്യ.എം.ബി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി. പേവ്മെന്റ് പതിച്ച സ്ഥലം തൊട്ടടുത്തുള്ള റോഡുകളിൽ നിന്നും വളരെ ഉയർന്നു നിൽക്കുന്നതായി കണ്ടു. വെള്ളക്കെട്ട് പരിഹരിക്കുന്നതിനായിട്ടാണ് ഈ പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇത്രയും ഉയരത്തിൽ പേവ്മെന്റ് പതിപ്പിക്കേണ്ടതിന്റെ ആവശ്യകത നിർണയിച്ചിട്ടാണോ ഈ പ്രവൃത്തി നടത്തിയതെന്ന് വിശദീകരിക്കേണ്ടതാണ്. മാത്രമല്ല പ്രവർത്തിസ്ഥലത്തിന്റെ അല്പം തെക്കുമാറി നഗരസഭയുടെ ഒരു ചെറിയ ബസ്സ് സ്റ്റാന്റും സ്ഥിതി ചെയ്യുന്നുണ്ട്. ഇവിടെ നവീകരണ പ്രവൃത്തി നടത്തിയിട്ടില്ലാത്തതാണ്. നവീകരണം നടത്തുന്നതിന് മുമ്പ് രണ്ട് സ്റ്റാന്റുകളിലെയും ചുറ്റുപാടുകൾ ഒരുപോലെയായിരുന്നു. തെക്കു ഭാഗത്തുള്ള സ്റ്റാന്റിൽ പേവ്മെന്റ് ടൈൽ പതിപ്പിക്കുന്നതിന് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അത് ഇതേ രീതിയിൽ തന്നെയാണോ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ചെയ്ത പ്രവൃത്തികളുടെ അളവുകൾ യഥാസമയം രേഖപ്പെടുത്താത്തതിന്റെ കാരണവും അപാകതകൾക്കുള്ള വ്യക്തമായ വിശദീകരണവും എത്രയും വേഗം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.



## 3-2 . കുടിവെള്ള നിക്ഷേപപ്രവൃത്തികൾ-അപാകതകൾ

കുടിവെള്ളപദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ, പേര്, അടങ്കൽതുക | കരാർ നം. | തുക കൊടുത്തതിന്റെ വിവരങ്ങൾ |
|---|---|---|
| 890/15,3360000,വിവിധ വാർഡുകളിലേക്ക് കുടിവെള്ളകണക്ഷൻ | 140/15-16 /22/1/16 | DD N0:709684/20/1/16 |
| 11/16,1030000,അംഗൻവാടികളിലേക്ക് കുടിവെള്ളകണക്ഷൻ | 141/15-16 /3/2/16 | DDN0:710123/3/2/16 |

അപാകതകൾ

1. കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുമായി കരാർ ചമക്കും

മുമ്പേയാണ് തുക നൽകിയിട്ടുള്ളത്. കരാറിലെ 2ാം വ്യവസ്ഥയിൽ പറയുന്നതുതന്നെ അടങ്കൽ തുക നിശ്ചിത തിയ്യതിക്കകം നൽകേണ്ടതാണ് എന്നതാണ്. ഈ തിയ്യതി എന്നാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. കരാറിലെ 6ാം വ്യവസ്ഥയിൽ, ആദ്യ പ്രവൃത്തി മാർച്ച് മാസം തുടങ്ങി ജൂണിലും, രണ്ടാം പ്രവൃത്തി മാർച്ചിൽ തുടങ്ങി ജൂലൈയിൽ പൂർത്തിയാക്കുമെന്നുമാണ്. പക്ഷെ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം ഇതുവരെ ലഭിച്ചിട്ടില്ല. 7ാം വ്യവസ്ഥയിൽ പ്രവൃത്തികൾ പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽബില്ലും പെർഫോമൻസ് റിപ്പോർട്ടും കംപ്ലീഷൻ സർട്ടിഫിക്കറ്റും നൽകുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
3. രണ്ടാമത്തെ പ്രൊജക്റ്റിൽ പി.എച്ച്. സബ് സെന്റർ, ആയുർവേദാശുപത്രി, നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ളകണക്ഷനും ഉൾപെടുത്തിയിട്ടുണ്ട്. അപാകതകളുടെ വെളിച്ചത്തിൽ നൽകിയിട്ടുള്ള തുക 4390000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-3-1** <u>കരാർ ചമയ്ക്കും മുമ്പേയുള്ള അളവെടുക്കൽ - അളവു പരിശോധന</u>

പ്രൊജക്റ്റ് നം.SO206/16,വിവേകാനന്ദ റോഡ് മെറ്റലിങ് ടാറിങ്,കൾവെർട്ട് നിർമാണം

അടങ്കൽ-560000ധനകാര്യകമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ-ശ്രീ.കെ.ആർ അമ്പിളികുമാർ

കരാർ നം. 158/15-16/12/2/16

അളവുപുസ്തകം-152/15-16

ബിൽ നം.206/30/3/16 – 515356/-
അതേ സമയം പ്രവൃത്തിയുടെ അളവെടുക്കൽ 05/01/16-ന് തന്നെ തുടങ്ങിയിട്ടുണ്ട്.പക്ഷെ 8,9,10 ഇനങ്ങളായ സെന്ററിങ് ഷട്ടറിങ് സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് ആർ.സി.സി., സ്പെസിഫൈഡ് ഗ്രേഡിലുള്ള ആർ.സി.സി സ്ഥാപിക്കൽ എന്നീ ഇനങ്ങളുടെ അളവെടുക്കൽ 23/1/16 നും, 25/1/16 നും നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയിലെ കാനനിർമാണത്തിലെ എല്ലാ ഇനങ്ങളുടെയും അളവുപരിശോധന കരാർ തിയ്യതിക്ക് മുമ്പേ നടന്നിട്ടുള്ളതാണ്.5/1/16 ന് തുടങ്ങിയ അളവു പരിശോധന 8/2/16 ന് അവസാനിച്ചു.
കരാർ ചമക്കും മുമ്പേയുള്ള അളവെടുക്കലും അളവുപരിശോധനയും ക്രമപ്രകാരമുള്ള നടപടിയല്ലാത്തതിനാൽ (2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2213.3 പ്രകാരം അഡ്വാൻസ് മെഷർമെന്റ് ശിക്ഷാർഹമെന്ന് സൂചിപ്പിച്ചിട്ടുള്ളതു കൂടിയാണ്.) ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>3-3-2. ഇ-ടെണ്ടർ കുറഞ്ഞ നിരക്ക് പരിഗണിച്ചില്ല</u>

ഫയൽ നം.-PW1-12064/16

മുനിസിപ്പൽടൗൺഹാളിൽ മേൽക്കൂര അറ്റകുറ്റപ്പണി

അടങ്കൽ -850000

ഈ പ്രവൃത്തിയുടെ ഇ-ടെണ്ടർ 15/12/16 ന് നടത്തിയപ്പോൾ 4 ടെണ്ടറുകളാണ് ലഭിച്ചത്. ഇവരിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് ശ്രീ. കെ.എ.ഷിഹാബ് (16.11% കുറവ്) എന്നാൽ അന്നേ ദിവസം നഗരസഭാ എൻജിനീയർ ഈ കരാറുകാരൻ മാന്വൽ ടെണ്ടർ സമർപ്പിച്ചില്ല എന്ന കാരണം രേഖപ്പെടുത്തി പോസ്റ്റ് ചെയ്ത ടെണ്ടർ വെരിഫൈ ചെയ്യാൻ കഴിയുകയില്ല എന്ന് സൂചിപ്പിച്ച് ഈ ടെണ്ടർ നിരസിക്കാം എന്ന് ശുപാർശ ചെയ്യുകയും 19/12/16-ലെ 25-ാം നം. കൗൺസിൽ തീരുമാനമനുസരിച്ച് തൊട്ടടുത്ത കരാറുകാരനായ ശ്രീ.വിനു ശിവദാസന്റെ ടെണ്ടർ (0.1%കുറവ്) അംഗീകരിച്ചു. 24/12/16-ന് ടിയാനുമായി കരാറിലേർപ്പെട്ടു. 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2016 നിബന്ധനയനുസരിച്ച് രജിസ്റ്റർ ചെയ്ത കരാറുകാരിൽ നിന്നും ഇ-ടെണ്ടറുകൾ പി.ഡബ്ള്യു.ഡി പോർട്ടലിൽ നിന്നും ഓൺലൈനായി സമർപ്പിക്കാമെന്നും ടെണ്ടർ നിശ്ചയിച്ച സമയത്ത് തന്നെ തുറന്ന് സെലക്ഷൻ മെമ്മോ അയക്കാമെന്നും നിർദേശിച്ചിട്ടുള്ളതാണ്. ഇപ്രകാരമുള്ള നിർദേശം നിലനിൽക്കെ, കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാതെ തൊട്ടടുത്ത കരാറുകാരന്റെ നിരക്ക് അംഗീകരിച്ചതുമൂലം നഗരസഭയ്ക്ക് ചെലവ് തുകയുടെ 16.01%(16.11%-0.1%) തുക നഷ്ടം സംഭവിക്കാനിട വരുന്നുണ്ട്. ഇപ്രകാരമുള്ള നഷ്ടം സംഭവിക്കുന്നപക്ഷം ആയത് കണക്കാക്കി ഉത്തരവാദിയായ നഗരസഭാ എൻജിനീയറിൽ നിന്നും ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3-3. 25-ാം നമ്പർ അംഗൻവാടി നിർമാണം – വൈദ്യുതീകരണത്തിന് നടപടി സ്വീകരിച്ചിട്ടില്ല, പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല

പ്രോജക്റ്റ് നം.-SO190/16,
അടങ്കൽ തുക 1200000 രൂപ ,
ഫയൽ നം.-PW1-12436/15 സംരക്ഷണഗ്രാന്റ്(റോഡിതരം )

ബിൽ നം -182/30/3/16 -982021 രൂപ

30/12/15-ന് നഗരസഭയിലെ സെക്കന്റ് ഗ്രേഡ് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ അംഗൻവാടി പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല എന്ന് കണ്ടു.

അംഗൻവാടിയുടെ വൈദ്യുതീകരണത്തിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും എത്രയും വേഗം ആയതിനുള്ള നടപടിക്രമങ്ങൾ കൈകൊണ്ട് പ്രവൃത്തി കുറ്റമറ്റ രീതിയിൽ നടപ്പാക്കി അംഗൻവാടി പ്രവത്തിച്ച് തുടങ്ങാൻ നടപടികളെടുക്കേണ്ടതുമാണ്.

ഈ പ്രവൃത്തിയുടെ അടങ്കലിൽ 34500 രൂപ ലംപ്സം ആയി വൈദ്യുതീകരണത്തിന് വകയിരുത്തിയിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

## **3-4** കൺവീനർക്ക് അധിക തുക നൽകി.

പ്രോജക്റ്റ് നം.SOO46/16,

നോർത്ത് റോഡ് ബാലൻസ് പോർഷൻ റീടാറിങ്

അടങ്കൽ-442000

കൺവീനർ-ശ്രീമതി.മിനി സഹദേവൻ

കരാർ -29/14-15/2/2/15,

അളവുപുസ്തകം-129/15-16

ബിൽ നം.-2/29/9/15-100000(മൊബിലൈസേഷൻ അഡ്വാൻസ്)

ബിൽ നം.-163/30/3/16-332000(അന്തിമബിൽ)

കൺവീനർക്ക് അന്തിമബിൽ പ്രകാരം നൽകിയ തുക-302811 (ഡി.ഡി. നം353926/8/4/16)

കൺവീനർ ഹാജരാക്കിയ കണക്കുപുസ്തകം പ്രകാരം മൊത്തം ചെലവ് 388526 രൂപ മാത്രമാണ്. കരാറിലെ 10 നം. നിബന്ധനയനുസരിച്ച് ബിൽ തുകയാണോ കൺവീനറുടെ കണക്കുപുസ്തകം പ്രകാരമുള്ള തുകയാണോ കുറവ് ആ തുകയാണ് കൺവീനർക്ക് നല്കേണ്ടത്. ഇതനുസരിച്ച് മൊബിലൈസേഷൻ അഡ്വാൻസ് തുക കഴിച്ച് 288526 രൂപ മാത്രമേ കൺവീനർക്ക് നല്കേണ്ടതുള്ളൂ. അധികം നൽകിയ 14285 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ നഗരസഭ എൻജിനീയറിൽ നിന്നോ ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. അന്തിമബിൽ പ്രകാരം 4171 രൂപ ആദായനികുതി ഇനത്തിൽ ഈടാക്കി അടവാക്കിയിട്ടുണ്ട്. ഈ തുക അടവാക്കിയതിന്റെ ചലാൻ ഹാജരാക്കിയിട്ടില്ല. 2/12/10-ലെ ജി.ഒ.(ആർ.ടി)3784/2010/ ത.സ്വ.ഭ.വ.നം. ഉത്തരവനുസരിച്ച് കൺവീനർമാരിൽ നിന്ന് ആദായനികുതി ഈടാക്കേണ്ടതില്ല. ആയതിനാൽ ഈ തുക ആദായ നികുതി വകുപ്പിൽനിന്ന് തിരികെ വാങ്ങാനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ നഗരസഭാ എൻജിനീയറിൽ നിന്ന് ഈടാക്കി കൺവീനർക്ക് കൈമാറേണ്ടതാണ്.

## 3-5 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതുമൂലം നഷ്ടം

1. ഹോമിയോ ആശുപത്രി മുതൽ മേനക കോളനിവരെ പാർശ്വ സംരക്ഷണവും സ്ലാബ് ഇടലും

   അടങ്കൽ-1068000 സി.എഫ്.സി.ഗ്രാന്റ്

2. പ്രോജക്ട് നം.so175/16

കരാറുകാരൻ-ശ്രീ. കെ.ആർ.രജീഷ്.(8.99%കുറവ് നിരക്ക് )

കരാർ നം.-98/15-16/15/12/15(കരാറിൽ നഗരസഭാ എൻജിനീയർ ഒപ്പിട്ടിട്ടില്ല.)

അളവുപുസ്തകം-80/15-16

| ബിൽ നം | തുക |
|---|---|
| 1/14/6/16 | 450000 |
| ,, | 468500 |
| ആകെ തുക | 9,18,500 |

ഈ പ്രവൃത്തിയുടെ ടെണ്ടർ 3/10/15-ന് ഉറന്നപ്പോൾ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയത് നന്ദകുമാർ.ടി. എന്ന കരാറുകാരനാണ് (14% കുറവ്)എന്നാൽ 32/15/12/15 നം.കൗൺസിൽ തീരുമാനമനുസരിച്ച് ശ്രീ. കെ.ആർ രജീഷിനാണ് വർക്ക് ഓർഡർ നല്കിയത്. കുറഞ്ഞ നിരക്ക് അംഗീകരിച്ചിരുന്നുവെങ്കിൽ നല്കേണ്ടിവരുമായിരുന്ന തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിമൂല്യം | 1053650.14 |
| 14%കുറവ് | 147511 |
| അനുവദിക്കാവുന്ന തുക | 906139 |
| വാറ്റ് | 36246 |
| ആദായനികുതി | 9061 |
| ക്ഷേമനിധി | 9061 |
| കരാറുകാരന് നല്കേണ്ട തുക | 851771 |

കരാറുകാരന് നൽകിയ തുക-863390(ഡി.ഡി.നം.354852/2/7/16)

തെറ്റായി കരാറിലേർപ്പെട്ടതു മൂലം അധികം നല്കേണ്ടി വന്ന 11619(863390-851771) രൂപ ഉത്തരവാദിയായ നഗരസഭാ എൻജിനീയറിൽ നിന്ന് ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 മുൻകൂറുകൾ സമയ പരിധിയ്ക്കകം അഡ്ജസ്റ്റ് ചെയ്യുന്നില്ല

ജി.ഒ.(പി)419/2011/ധനം തീയതി 4-10-2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുച്ഛേദം 99 പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ചു പിടിക്കണം എന്നും, ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 വർഷം അനുവദിച്ച താഴെ പറയുന്ന അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യാതിരിക്കുകയോ അഡ്ജസ്റ്റ് ചെയ്യാൻ വൈകുകയോ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര്/തസ്തിക | തുക | കൈപ്പറ്റിയ തീയതി | അഡ്ജസ്റ്റ് ചെയ്ത തീയതി | കാലതാമസം |
|---|---|---|---|---|
| രാജീവൻ.ഐ.വി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 5500 | 17-6-2015 | 15-7-2016 | 12 മാസം 28 ദിവസം |
| ഷേയ്ക്ക് മാഹിൻ, ഓവർസിയർ | 70300 | 31-7-2015 | 8-3-2016 | 7 മാസം 8 ദിവസം |
| റിയാസ്.പി.എ, ഓവർസിയർ | 27000 | 1-10-2015 | -- | നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല |
| സിജി ഗോപി, റവന്യൂ ഇൻസ്പെക്ടർ | 15000 | 8-3-2016 | 3-8-2016 | 1 മാസം 27ദിവസം |
| സ്മിത.ജി, ഓവർസിയർ | 50000 | 11-3-2016 | 27-7-2016 | 1 മാസം 17 ദിവസം |

തുക അഡ്ജസ്റ്റ് ചെയ്യാൻ വൈകിയവരിൽ നിന്നും 18% പലിശ ഈടാക്കാതിരുന്നതിനും റിയാസ് എന്നയാളിൽ നിന്നും മുഴുവൻ തുകയും പലിശ സഹിതം ഈടാക്കാതിരുന്നതിനും വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 4/23-12-2016 പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് റിയാസ് എന്നയാൾ അഡ്വാൻസ് എടുത്തതിൽ കൈവശം ബാക്കി വച്ചിരുന്ന 6300 രൂപയും അതിന് ഒരു വർഷത്തെ പലിശയായി 1134 രൂപയും നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞ പ്രകാരമുള്ള തുക മേൽപറഞ്ഞവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ടെണ്ടർകുറവ് വഴി ധന മിച്ചം

പല മരാമത്ത് പണികളിലും വളരെ നല്ല ടെണ്ടർകുറവ് മൂലം നല്ല തുക മിച്ചം ശേഖരിക്കുവാൻ സാമ്പത്തികവർഷം കഴിഞ്ഞിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.,പ്രവൃത്തി | പ്രവൃത്തിമൂല്യം | ടെണ്ടർകുറവ് |
|---|---|---|---|
| 1. | SOO92/16<br>ആയുർവേദാശുപത്രി ട്രസ്സ് വർക്ക് | 407567.05 | 24.99%<br>101851 |
| 2. | SO160/16<br>സൈഡ് പ്രൊട്ടക്ഷൻ റീടാറിങ്-ഫയർ സ്റ്റേഷൻ റോഡ് | 985469.35 | 13.99%<br>137867.16 |
| 3. | SO267/16<br>ചെത്തിലപ്പറമ്പ് റോഡ് റീടാറിങ് | 648280.49 | 22.70%<br>147159..67 |
| 4. | SO264/16<br>മണ്ണാറത്താഴം അലങ്കാരത്ത് പറമ്പ് റോഡ് റീടാറിങ് | 635212.89 | 24.30%<br>154356.73 |

അടങ്കൽ നിരക്കിലും വളരെ താഴ്ന്ന നിരക്കിൽ പ്രവൃത്തി നിർവഹിക്കാൻ കഴിയുക വഴി ധനമിച്ചം ഉണ്ടാകുന്നത് പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

## 3-8 സാന്ത്വന ചികിത്സ – അപാകതകൾ

താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 292/16 പ്രകാരം നടപ്പാക്കിയ *സാന്ത്വന ചികിത്സ* എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 600000 രൂപ വകയിരുത്തുകയും വിവിധ ട്രഷറി ബില്ലുകൾ പ്രകാരം 598020 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഹോം വിസിറ്റിനു വേണ്ടി ഓടിയ ഓട്ടോ ടാക്സിയുടെ ട്രിപ്പ് ഷീറ്റിൽ ഓരോ ദിവസവും ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല. ദൂരം പരിഗണിക്കാതെ എല്ലാ ദിവസവും 1000 രൂപ വീതം വാടക നൽകിയിട്ടുണ്ട്.

2. വാഹന വാടക വാഹനത്തിന്റെ ഡ്രൈവർക്ക് നൽകുന്നതിനു പകരം പാലിയേറ്റീവ് കെയർ നഴ്സിനാണ് നൽകിയിട്ടുള്ളത്.

3. താഴെ പറയുന്ന തീയതികളിൽ ഹോം വിസിറ്റ് നടത്തിയതിന് വാഹന വാടകയും റിഫ്രഷ് മെന്റ് ചാർജും നൽകിയിട്ടുണ്ടെങ്കിലും ഹോം വിസിറ്റ് രജിസ്റ്റർ പ്രകാരം ഈ തീയതികളിൽ ഹോം വിസിറ്റ് നടത്തിയിട്ടില്ല.

(ട്രഷറി ബിൽ നമ്പർ 4/25-9-2015)

| തീയതി | വാഹന വാടക | റിഫ്രഷ് മെന്റ് ചാർജ്ജ് | ആകെ |
|---|---|---|---|
| 29-8-2015 | 1000 | 300 | 1300 |
| 31-8-2015 | 1000 | 300 | 1300 |
| 14-7-2015 | 1000 | 300 | 1300 |
| 15-7-2015 | 1000 | 300 | 1300 |
| ആകെ | 4000 | 1200 | 5200 |

ഹോം വിസിറ്റ് നടത്താതെ നല്കിയ തുക 5200/- രൂപ നിരാകരിക്കുന്നു. ടി തുക നിർവ്വഹണാധികാരിയായ താലൂക്ക് ആശുപത്രി സൂപ്രണ്ടിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

4. ട്രഷറി ബിൽ നമ്പർ 18/16-3-2016 പ്രകാരം 191212 രൂപ സപ്ളൈക്കോ ശബരി മെഡിക്കൽ സ്റ്റോർ, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/തസ്വഭവ. തീയതി 16-11-2013 അനുബന്ധം 16 ഖണ്ഡിക 7.4 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ മരുന്ന് വാങ്ങുന്നതിനു വേണ്ടി തുക ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഡി.എം.ഒ.യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/തസ്വഭവ. തീയതി 16-11-2013 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകാതിരുന്നാൽ പ്രൊക്യൂവർമെന്റ് മാനവൽ അനുസരിച്ചും ആരോഗ്യ വകുപ്പിൽ പ്രാബല്യത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചും വാങ്ങാവുന്നതാണ്. എന്നാൽ വില മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലുള്ളതിനേക്കാൾ അധികരിക്കാൻ പാടില്ല. എന്നാൽ ഇക്കാര്യങ്ങൾ പാലിക്കാതെയാണ് ശബരി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങിയത്.

6. ട്രഷറി ബിൽ നമ്പർ 20/26-3-2016 പ്രകാരം 25120 രൂപ പാലിയേറ്റീവ് രോഗികൾക്ക് തൊഴിൽ പരിശീലനം എന്നയിനത്തിൽ നെറ്റിപ്പട്ടനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും പരിശീലകയുടെ വേതനമിനത്തിലും ചെലവഴിച്ചിട്ടുണ്ട്. പരിശീലനസാമഗ്രികൾ കൈപ്പറ്റിയ രോഗികളുടെ പേര് വിവരം, കൈപ്പറ്റ് രസീത്, ഇവർ നെറ്റിപ്പട്ടം ഉണ്ടാക്കിയോ, അത് വില്പന നടത്തിയോ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

7. സാന്ത്വന ചികിത്സ സംബന്ധിച്ച പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(സാധാ)3217/2015/തസ്വഭവ. തീയതി 29.10.2015 ഖണ്ഡിക 2.6.12 പ്രകാരം തൊഴിൽ പരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ആവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനവും നടപടി സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാന്ത്വന ചികിത്സ എന്ന പ്രോജക്ടിൽ നിന്നും ഈയിനത്തിന് തുക ചെലവഴിക്കാം എന്ന് പറഞ്ഞിട്ടില്ല. ഏത് ഉത്തരവ് പ്രകാരമാണ് ഇത്തരത്തിൽ പരിശീലനത്തിന്

തുക ചെലവഴിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ്.

8. മേൽപറഞ്ഞ മാർഗ്ഗരേഖ ഖണ്ഡിക 2.5.6 പ്രകാരം സാന്ത്വന പരിചരണം ആവശ്യമായ രോഗികളുടെ പേര് വിവരം രേഖപ്പെടുത്തിയ നോമിനൽ രജിസ്റ്ററിലെ വിവരങ്ങൾ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. വെബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചെലവഴിക്കാവുന്നതല്ല. എന്നാൽ കൊടുങ്ങല്ലൂർ നഗരസഭയുടെ വെബ് സൈറ്റിൽ നോമിനൽ രജിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാൽ നിരാകരിച്ച തുക ഒഴികെ ചെലവഴിച്ച തുകയായ 592820 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 സൂപ്രണ്ട്, താലൂക്ക് ആശുപത്രി നടപ്പാക്കിയ പ്രോജക്ടുകൾ - ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകൾക്ക് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 90/16 | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിക്ക് ഓട്ടോ റിഫ്രാക്ടോമീറ്റർ വാങ്ങൽ | 6/16-10-2015 | 246960 |
| 95/16 | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിക്ക് ഡിഫിബ്രിലേറ്റർ വാങ്ങൽ | 8/25-11-2015 | 185000 |
| 289/16 | എക്സ് റേ യൂണിറ്റ് എ.സി.വത്ക്കരണം | 12/30-1-2016 | 50820 |
| 93/16 | ഫുള്ളി ഓട്ടോമാറ്റിക്ക് ബയോ കെമിസ്ട്രി അനലൈസർ | 13/30-1-2016 | 1500000 |
| 96/16 | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിക്ക് പൾസോക്സീമീറ്റർ വാങ്ങൽ | 16/19-2-2016 | 35175 |
| 97/16 | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിക്ക് സക്ഷൻ അപ്പരറ്റസ് വാങ്ങൽ | 22/26-3-2016 | 11340 |
| | ആകെ | | 2029295 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/തസ്വഭവ. തീയതി 08-11-2010 പ്രകാരം 5000 രൂപ മുതൽ 49999 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 50000 രൂപ മുതൽ 99999 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. മേൽപറഞ്ഞ ഇനങ്ങൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 16/27-12-2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 താലൂക്ക് ആശുപത്രിയിലേക്കുള്ള വൈദ്യുതി ബില്ല് - കെ.എസ്.ഇ.ബി.യുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല

സൂപ്രണ്ട്, താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 5/16 പ്രകാരം നടപ്പാക്കിയ *താലൂക്ക് ആശുപത്രിയിലേക്കുള്ള വൈദ്യുതി ബില്ല്* എന്ന പ്രോജക്ടിനായി റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 800000 രൂപ വകയിരുത്തുകയും വിവിധ ട്രഷറി ബില്ലുകൾ പ്രകാരം 791919 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയും പ്രകാരം അടവാക്കിയ വൈദ്യുതി ചാർജ്ജിന്റെ രസീത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ട്രഷറി ബിൽ നമ്പർ/തീയതി | മാസം | തുക |
|---|---|---|
| 7/18-11-2015 | 7/2015 | 76436 (27014 + 49422) |

മേൽപറഞ്ഞ പ്രകാരമുള്ള കെ.എസ്.ഇ.ബി.യുടെ കൈപ്പറ്റ് രസീത് ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവ് തുക 76436 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-11 താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ നഷ്ടം

സൂപ്രണ്ട്, താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 288/16 പ്രകാരം നടപ്പാക്കിയ *താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ* എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 135705 രൂപയും റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 500000 രൂപയും വകയിരുത്തി താഴെ പറയും പ്രകാരം മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 15/30-1-2016 | 500000 |
| 21/26-3-2016 | 135705 |
| ആകെ | 635705 |

മേൽ പറഞ്ഞ 500000 രൂപയിൽ 489009 രൂപയ്ക്ക് പൂവത്തുംകടവ് ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 10991 രൂപയ്ക്ക് സപ്ളൈക്കോ ശബരി മെഡിക്കൽ സ്റ്റോർ, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടറോ ക്വട്ടേഷനോ ഇല്ലാതെ അലോപ്പതി മരുന്നുകൾ വാങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/തസ്വഭവ. തീയതി 16-11-2013 അനുബന്ധം 16 ഖണ്ഡിക 7.4 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ മരുന്ന് വാങ്ങുന്നതിനു വേണ്ടി തുക ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഡി.എം.ഒ.യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകാതിരുന്നാൽ പ്രൊക്യൂർമെന്റ് മാനുവൽ അനുസരിച്ചും ആരോഗ്യ വകുപ്പിൽ പ്രാബല്യത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചും വാങ്ങാവുന്നതാണ്. എന്നാൽ വില മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലുള്ളതിനേക്കാൾ അധികരിക്കാൻ പാടില്ല. എന്നാൽ ഇക്കാര്യങ്ങൾ പാലിക്കാതെയാണ് മരുന്ന് വാങ്ങിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/തസ്വഭവ. തീയതി 08-11-2010 പ്രകാരം 5000 രൂപ മുതൽ 49999 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 50000 രൂപ മുതൽ 99999 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ട്രഷറി ബിൽ നമ്പർ 21/26.3.2016 പ്രകാരം 135705 രൂപയുടെ മരുന്നുകൾ ക്വട്ടേഷൻ നടപടിയിലൂടെയാണ് വാങ്ങിയിട്ടുള്ളത്. മുകളിൽ പറഞ്ഞ നീതി മെഡിക്കൽ സ്റ്റോർ ഉൾപ്പെടെ 5 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും കുറഞ്ഞ വില രേഖപ്പെടുത്തിയ ചാൾസൻസ് മെഡിസെയിൽസ്, പള്ളിക്കുളം റോഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുകയും ചെയ്തു. ക്വട്ടേഷനുകൾ പരിശോധിച്ചതിൽ നീതി മെഡിക്കൽ സ്റ്റോർ ക്വാട്ട് ചെയ്തതിനേക്കാൾ ശരാശരി 59% കുറഞ്ഞ വിലയാണ് ചാൾസൻസ് മെഡിസെയിൽസ് ക്വാട്ട് ചെയ്തത് എന്ന് കാണുന്നു. അതനുസരിച്ച് ക്വട്ടേഷനില്ലാതെ 4.89,009 രൂപയുടെ മരുന്നുകൾ നീതി സ്റ്റോറിൽ നിന്നും വാങ്ങിയതു വഴി ഉദ്ദേശം 288515 രൂപയുടെ

നഷ്ടമുണ്ടായതായി കണക്കാക്കുന്നു. (വാങ്ങിയ മരുന്നുകൾ വ്യത്യസ്തമായതിനാലും നീതി സ്റ്റോറിൽ നിന്ന് വാങ്ങിയ എല്ലാ ഇനത്തിന്റേയും നിരക്കുകൾ ചാൾസൻസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്യാത്തതിനാലും കൃത്യമായ നഷ്ടം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല).

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/27-12-2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച മുഴുവൻ തുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-12 മേത്തല ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ-അപാകതകൾ

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ-പ്രോജക്റ്റ് നം എസ്00296/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ഹോമിയോ)

അടങ്കൽ:100000

ഫണ്ട്: മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

മേൽ പദ്ധതി പ്രകാരം മരുന്ന് ലഭിക്കുവാനായി ഡി.ഡി. (നം.708940, തീയതി.18.12.15) കെ.എസ്.എച്.ഒ.പി.എൽ (ഹോംകോ) എന്ന സ്ഥാപനത്തിന്റെ പേരിൽ എടുക്കുകയും സ്ഥാപനം രസീത് (നം 777 തീയതി 21.12.15) നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിലേക്കായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ഇന്റന്റ് അയച്ചിരിക്കുന്നതും 20.1.2016-ന് ആണ്. (നം 27/10/GHDM തീയതി 20.1.2016. ഓർഡർ നം പി 823).

ഇൻവോയ്സ് നം. എൽ.എഫ്. 791 തീയതി 16.10.16 പ്രകാരം 20.10.16 ൽ ആണ് അവസാനം മരുന്നു ലഭിച്ചിട്ടുള്ളത്, എന്നാൽ ഡി എം ഒ യിൽ നിന്നു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് 17.10.2016 നാണ്. (നം എം2/1146/2016/DMT). കരാറിൽ ഏർപ്പെടുകയായിരുന്നെങ്കിൽ മരുന്ന് ലഭ്യമാകുവാൻ കാലതാമസം വരില്ലായിരുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി ഇനി മുതൽ കരാർ മുഖേന നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 3-13 ആയുർവേദ ഡിസ്പൻസറിയിലേക്ക്മരുന്ന് വാങ്ങൽ-അപാകതകൾ

മേത്തല ആയുർവേദ ഡിസ്പൻസറിയിലേക്ക്മരുന്ന് വാങ്ങുന്നതിനായി SO120/16 പ്രോജക്ടിന്റെ ഭാഗമായി ഡിഡി നം 711533 തീയതി 14.3.2016 പ്രകാരം 5,00,000/- രൂപ ഔഷധിയുടെ പേരിൽ എടുക്കുകയും ഔഷധി രസീത് (നം 7252/9517 തീയതി 19.3.16)നൽകുകയും ചെയ്തിട്ടുണ്ട് .19.3.2016ന് ഔഷധിയുമായി കരാറിൽ ഏർപ്പെട്ടു. പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെകൊടുക്കുന്നു .ആയത് വിശദീകരിക്കേണ്ടതാണ്

1. 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കുമെന്നാണ് കരാർ പ്രകാരം പറഞ്ഞിരിക്കുന്നത്. എന്നാൽ 4 തവണകളായാണ് മരുന്ന് ലഭ്യമാക്കിയിട്ടുള്ളത്.അതിൽ 106492/-രൂപക്കുള്ള മരുന്ന് വിതരണംചെയ്തതിൽ കാലതാമസം വന്നതായി കാണുന്നു.(72261/-10.6.2016,34231/- 26.7.2016)

2.ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസറിൽ നിന്നും മരുന്നുകളുടെ നോൺ എവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല .

## 3-14 ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. ശൃംഗപുരം നടപ്പാക്കിയ SO 329/16 സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതി-അപാകതകൾ

ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. ശൃംഗപുരം നടപ്പാക്കിയ SO 329/16 സ്കൂളുകൾക്ക് ഫർണീച്ചർ വാങ്ങൽ എന്ന പദ്ധതിയിലുൾപ്പെടുത്തി ബെഞ്ച്,ഡെസ്ക്,ടേബിൾ,സ്റ്റീൽ അലമാര എന്നിവ വാങ്ങിയതിന് ബിൽ നം. 2/15-16 4,72,000/- 23.3.16 ശ്രീ. കെ.പി. വിനോദ് എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഫർണീച്ചർ വാങ്ങുന്നതിന് 30/12/15 ന് ടെണ്ടർ പരസ്യം നൽകിയതിൽ മൂന്നു ടെണ്ടറുകൾ ലഭിക്കുകയും ഇതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വിനോദിന് ടിയാൻ രേഖപ്പെടുത്തിയ നിരക്കിൽ ഫർണീച്ചർ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ കാണും പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ മേൽ ഇനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങാമെന്നിരിക്കെ അധിക നിരക്ക് നൽകിയതു മൂലം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. റേറ്റ് കോൺട്രാക്ട് ഉള്ള ഇനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലധികരിച്ച് തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സ്റ്റീൽ അലമാരകൾ വാങ്ങിയ ഇനത്തിൽ അധികം നൽകിയ തുക 16,461രൂപ ഓഡിറ്റിൽ

നിരാകരിക്കുന്നു. ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികം നൽകിയ ബാക്കി തുകയായ 1,00,790/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ഇനം | അളവ് (cm) | നിരക്ക് | Go.(Rt)26/15spd. dt.28.5.15പ്രകാരം അനുവദനീയമായ നിരക്ക്(Anjili wood) | | വില വ്യത്യാസം | വാങ്ങിയ എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| ഡെസ്ക് | 180x37.5x70 | 4950/- | 180x42.5x75 | 3942/- | 1008 | 42 | 42336 |
| ബെഞ്ച് | 180x30x45 | 3925/- | 180x30x45 | 3127 | 798 | 42 | 33516 |
| ടീച്ചേഴ്സ് ടേബിൾ | 90x60x70 | 5900/- | 90x60x75 | 3577 | 2323 | 5 | 11615 |
| ലാബ് ടേബിൾ | 180x120x70 | 25200/- | 180x90x90 | 11877 | 13323 | 1 | 13323 |
| സ്റ്റീൽ അലമാര | 78x42x16 | 14850/- | 78x36x19 | 9363 | 5487 | 3 | 16461 |
| ആകെ | | | | | | | 1,17,251 |

## **3-15** പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. SO 319/16 പദ്ധതി ചെലവുകൾക്കായി ബിൽ നം. 4/15-16 തിയതി. 21.3.16 പ്രകാരം 72,028/- രൂപ പിൻവലിച്ച് ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും, ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 10,000/- രൂപയും യഥാർത്ഥ ടിക്കറ്റ് ചാർജ്ജും നൽകാമെന്ന് 16.11.13 ലെ സ.ഉ(എം.എസ്)362/13ത.സ്വ.ഭ.വ. ഉത്തരവ് (പുതുക്കിയ പദ്ധതിരേഖാ മാർഗ്ഗനിർദ്ദേശങ്ങൾ )പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 19.6.15ലെ സ.ഉ(ആർ.ടി)നം. 1827/15ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇത്തരത്തിൽ നൽകാവുന്ന തുക 50,000/-രൂപയായി വർധിപ്പിച്ചിട്ടുമുണ്ട്. 2015-16 ൽ കൊടുങ്ങല്ലൂർ നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ ഈ പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളിൽ നിന്ന് ആവശ്യമായ മുഴുവൻ രേഖകളും ലഭ്യമാക്കാതെയാണ് തുകനൽകിയതായി കാണുന്നത്. ലഭ്യമാക്കേണ്ട രേഖകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്,വിലാസം | വരുമാനം | വിദേശ രാജ്യം | ചിലവുകൾ | ടിക്കറ്റ് ചാർജ്ജ് | കുറിപ്പുകൾ |
|---|---|---|---|---|---|---|
| | രൂപേഷ്.എം.കെ. മാണാൻ വീട് പുല്ലൂറ്റ് | 42000 | സൗദി അറേബ്യ | 10000 | 12575 | തൊഴിൽ വിസ, റേഷൻകാർഡിന്റെ കോപ്പി യഥാർത്ഥ ടിക്കറ്റിന്റെ പകർപ്പ് എന്നിവ ഇല്ല. |
| | രതീഷ്.പി.ജി. പള്ളിപ്പുറം വീട്, കോട്ടപ്പുറം | 48000 | സൗദി അറേബ്യ | 10000 | 10000 | തൊഴിൽ വിസ, റേഷൻകാർഡിന്റെ കോപ്പിയഥാർത്ഥ ടിക്കറ്റിന്റെ പകർപ്പ് എന്നിവ ഇല്ല.ഗുണഭോക്താവിനെ വാർഡ് സഭ അംഗീകരിച്ചിട്ടില്ല. |
| | ആകെ | | | 20000 | 22575 | |

മേൽ ഗുണഭോക്താക്കൾക്ക് ആകെ 42,575/- രൂപ നൽകിയിട്ടുണ്ട്.മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക

തടസ്സപ്പെടുത്തുന്നു.

2. പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധന സഹായം നൽകുന്നതിനുള്ള പ്രോജക്ട് നം.so321/16 പ്രകാരം വകയിരുത്തിയ 500,000/-രൂപയിൽ 1,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഡി.ഡി. നം.352315/31.3.16 പ്രകാരം 25,000/-രൂപ സുനിത് ബാബു,ചെന്നറ വീട്, മേത്തല എന്ന വിദ്യാർത്ഥിക്ക് നൽകിയിട്ടുണ്ട്. 12.2.16ന് മേത്തല വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് നം.16576844 പ്രകാരം ടിയാന്റെ വാർഷിക വരുമാനം 459420 രൂപയാണ്. 16.11.13ലെ സ.ഉ.(എം.എസ്) 362/13 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 6.8.2 പ്രകാരം ഇത്തരത്തിൽ ആനുകൂല്യം നൽകുന്നതിന് നിർധനരായ കുടുംബങ്ങൾക്കാ ണ് മുൻഗണന നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാന് തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-16 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ

1. SO309/16 പദ്ധതി -പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിനായി ബിൽ നം. 1/15-16.തിയതി 25.1.16 പ്രകാരം 25 ഗുണഭോക്താക്കൾക്ക് 6250 രൂപാ നിരക്കിൽ 156250രൂപ പിൻവലിച്ച് ഡി.ഡി നം. 709824തിയതി.22.1.16 പ്രകാരം എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് പദ്ധതി നടപ്പാക്കുന്ന കൊടുങ്ങല്ലൂർ ക്ഷീര സംഘത്തിന്റെ വ്യക്തിഗത നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ തുടർന്ന് കൈപറ്റുന്നില്ലായെന്ന് കാണുന്നു. പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പേര്,വിലാസം | കാലിത്തീറ്റ അവസാനം കൈപറ്റിയത്. |
|---|---|---|
| 18 | സരസ്വതി,പഴംപിള്ളി | 3/16 |
| 16 | സന്തോഷ്,തച്ചേരി | 5/16 |
| 15 | അജയൻ ഓട്ടറാട്ട് | 10/16 |
| 24 | ലക്ഷ്മണൻ നാലുമാക്കൽ | 10/16 |
| 25 | ഷൈലജ തറക്കണ്ടത്തിൽ | 10/16 |

2. S0 351/16 പദ്ധതി പ്രകാരം വെറ്ററിനറി സ്ഥാപനങ്ങളിലേക്ക് ഫർണീച്ചർ,റഫ്രിജറേറ്റർ, മോട്ടോർ എന്നിവ വാങ്ങിയിട്ടുണ്ട്. 20.2.16 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി ഫർണീച്ചർ,റഫ്രിജറേറ്റർ എന്നിവ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് തീരുമാനിക്കുകയും ഈയിനങ്ങൾക്ക് ചെലവായ 1,01,193/-രൂപ ഡി.ഡി. നം. 712608 തിയതി.29.3.16 പ്രകാരം സിഡ്കോയ്ക്ക് നൽകുകയും ചെയ്തു.19.12.14ലെ GO(Rt.) 74/14spd., 28.5.15 GO(Rt.)26/15/spd. ഉത്തരവുകൾ പ്രകാരം സ്റ്റീൽ,മര ഫർണീച്ചറുകൾ എന്നിവ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ടി നിർദ്ദേശം പാലിക്കാതെ ടി സ്ഥാപനത്തിൽ നിന്നും റഫ്രിജറേറ്റർ വാങ്ങിയതായി കാണുന്നു. ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ അംഗീകൃത ഡീലർമാരിൽ നിന്നും ഇതിനേക്കാൾ കുറഞ്ഞ വിലയിൽ റഫ്രിജറേറ്റർ ലഭിക്കാനുള്ള സാധ്യത ഉണ്ടാകുമായിരുന്നു. എന്നാൽ റഫ്രിജറേറ്ററിന്റെ അംഗീകൃത ഡീലറല്ലാത്ത സിഡ്കോയിൽ നിന്നും പർച്ചേയ്സ് നടത്തിയതിനാൽ 14.5% ടാക്സുൾപ്പെടെ 24900 നിരക്കിൽ 2 എണ്ണം റഫ്രിജറേറ്റർ വാങ്ങിയതിന് 49800 രൂപ സിഡ്കോയുടെ ബില്ലിൽ ഉൾപ്പെടുത്തി നൽകിയിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം- ചെലവു തുക തടസ്സപ്പെടുത്തുന്നു

ബിൽ നമ്പർ - 19/2015-16/11.1.2016

ഡി.ഡി നമ്പർ- 709488/16.1.2016

നിർവ്വഹണഉദ്യോഗസ്ഥൻ -സെക്രട്ടറി

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനായുള്ള ശ്രീമതി. സതി എൻ.എൻ,

മൂത്തൻമാട്ടിൽ എന്നവരുടെ അപേക്ഷ 16.06.2015 ലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വിവാഹ ധനസഹായത്തിന് അർഹതയുള്ളതായി തീരുമാനമെടുത്തിട്ടുണ്ട്. ഡി.ഡി നമ്പർ 709488/16.1.2016 പ്രകാരം 30000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷക ഹാജരാക്കിയ രേഖകളിൽ (റേഷൻ കാർഡ്, തിരിച്ചറിയൽ രേഖ, മകളുടെ ആധാർ കാർഡ്, മാര്യേജ് സർട്ടിഫിക്കറ്റ് ) മേൽവിലാസം രേഖപ്പെടുത്തിയിരിക്കുന്നത് മൂത്തൻമാട്ടിൽ വീട്, കണ്ണികുളങ്ങര, പുത്തൻചിറ എന്നാണ്. അപേക്ഷക നഗരസഭയിൽ സ്ഥിര താമസക്കാരിയാണെന്ന് തെളിയിക്കുന്നതിനുള്ള റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 30000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-18** <u>പദ്ധതി രേഖാ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് തനതു ഫണ്ടിൽ നിക്ഷേപിച്ചത് തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കണം</u>

നഗരസഭ 2015-16 വർഷത്തിൽ മാലിന്യ പ്ലാന്റുകളുടെ പ്രവർത്തന ചെലവിനായി so 391/16, so34/16 എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി 15,17,822/-രൂപാ വകയിരുത്തിയിരുന്നു. നഗരസഭയുടെ പുല്ലൂറ്റ് ഖരമാലിന്യ പ്ലാന്റിൽ മാലിന്യ സംസ്കരണം നടത്തുന്നതിനായി സി.എൽ.ആർ വ്യവസ്ഥയിൽ നഗരസഭ താൽക്കാലികമായി നിയമിച്ച തൊഴിലാളികൾക്ക് 2014 ആഗസ്റ്റ് മുതൽ 2015 ജൂലൈ വരെ തനതുഫണ്ടിൽ നിന്നും വേതനമിനത്തിൽ നൽകിയ 9,26,116/- രൂപയും(ഫയൽ നം.PH-1.12880), കോട്ടപ്പുറം മാർക്കറ്റിൽ മാലിന്യം സംസ്കരിക്കുന്നതിനായി കരാർ എടുത്ത ഉദയ സ്വയം സഹായ സംഘത്തിന് മാലിന്യ സംസ്കരണ ചെലവുകൾക്കായി നൽകിയ 4,95,775/- (ഫയൽ നം.PH-1.A391/08)രൂപയും, നഗരസഭാ മാലിന്യം കൊച്ചി ബ്രഹ്മപുരം പ്ലാന്റിൽ സംസ്കരിക്കുന്നതിനായി കയറ്റി അയച്ച ഇനത്തിൽ (ഫയൽ നം. PH-1.10662/15) 92,456/- രൂപയും അടക്കം തനതു ഫണ്ടിൽ നിന്നും ആകെ ചെലവഴിച്ച 15,14,347/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിക്കുകയുണ്ടായി.

അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ട് ഉപയോഗിച്ച് നിശ്ചിത കാലയളവിലേക്ക് അത്യാവശ്യം വേണ്ട താൽക്കാലിക ജീവനക്കാരെ മാലിന്യ നിർമ്മാർജ്ജനത്തിനായി നിയമിക്കുന്നതിന് 19.10.2011 ലെ സ.ഉ.(സാ)2397/2011 ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് ചൂണ്ടിക്കാട്ടി നഗരസഭയുടെ പുല്ലൂറ്റ് പ്രവർത്തിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റിലെ കരാറുകാരന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന 6 തൊഴിലാളികളെ 21.8.14ലെ കൗൺസിലിന്റെ 29ാം നമ്പർ തീരുമാന പ്രകാരം സി.എൽ.ആർ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ഇതു കൂടാതെ പ്ലാസ്റ്റിക് വേർതിരിക്കുന്നതിനായി 15 തൊഴിലാളികളെ കൂടി നിയമിക്കുന്നതിനായി സർക്കാരിനോട് നഗരസഭ ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ 13.11.14ലെ സ.ഉ.(സാ) 2964/14ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 8 മാലിന്യസംസ്കരണ പ്ലാന്റിൽ പ്ലാസ്റ്റിക് വേർതിരിക്കുന്നതിനായി തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ മൂന്നു മാസത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. മാലിന്യസംസ്കരണ പ്ലാന്റ് അടച്ചു പൂട്ടിയ സാഹചര്യത്തിൽ ആദ്യം നിയമിച്ച ആറ് തൊഴിലാളികളെ സി.എൽ.ആർ ആയി തുടരുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.ടി ജീവനക്കാർക്ക് 2015 ആഗസ്റ്റ് മുതൽ നാളിതുവരെയുള്ള വേതനം വിവിധ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. നിലവിൽ ടി ജീവനക്കാരിൽ ഒരാൾ സ്ഥിരനിയമനം ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിച്ചു കാണുന്നുണ്ട്.

<u>അപാകതകൾ</u>

1. 27.1.82ലെ നം. 2591/M1/A4/82/LA&SWD സർക്കുലർ പ്രകാരം permanent/temporary/substitute/C.L.R തൊഴിലാളികളെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ചിട്ടില്ല.
2. 16.11.13ലെ സ.ഉ.(എം.എസ്) 362/13 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക12 എ മുതൽ ഇ വരെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാലിന്യ പരിപാലനം സംബന്ധിച്ച് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളേതെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം മാലിന്യസംസ്കരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലം, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും, പ്ലാന്റ് സ്ഥാപിക്കുന്നതിനും വേണ്ടി തുക ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.എന്നാൽ സി.എൽ.ആർ. ആയി നിയമിച്ച ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും, മാലിന്യം സംസ്കരിക്കുന്നതിന് കരാർ എടുത്ത സ്വയം സഹായ സംഘത്തിന് തുക നൽകുന്നതിനും വേണ്ടി തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കൂപ്പ് ചെയ്യുന്നതിനാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ചത്. ഇത് പദ്ധതി രേഖാ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്ലാൻ ഫണ്ടിൽ നിന്നും ക്രമ പ്രകാരമല്ലാതെ പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ച തുക

കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 ഐ.എച്ച്.എസ്.ഡി.പി. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ചേരി നിർമ്മാർജ്ജനം ലക്ഷ്യമിട്ട് നഗരസഭയിൽ 2010-11 വർഷത്തിൽ ആരംഭിച്ച ഐ.എച്ച്.എസ്.ഡി.പി. പദ്ധതി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. നിലവിലെ നിർദ്ദേശമനുസരിച്ച് 2017 മാർച്ചിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതുണ്ട്. പദ്ധതിയിലുൾപ്പെട്ട 169 ഗുണഭോക്താക്കൾ നഗരസഭയിലുണ്ട് ഇവരിൽ 8 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.ഇവരുടെ ഇനിയും പൂർത്തീകരിക്കേണ്ട ഭവന നിർമ്മാണ ഘട്ടങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| ഗുണഭോക്താക്കളുടെ പേര് | പൂർത്തീകരിക്കേണ്ട ഘട്ടങ്ങൾ | പൂർത്തീകരിക്കുന്നതു പ്രകാരം നൽകേണ്ട തുക |
|---|---|---|
| ചെല്ലം ഊത്തുമലയിൽ | 4,5 ഗഡുക്കൾ | 55,000 |
| കാളി മുട്ടത്താൽ | അവസാന ഗഡു | 10,000 |
| രാജേശ്വരി വടക്കേതിൽ | അവസാന ഗഡു | 60,000 |
| ദാസൻ തച്ചേരി | അവസാന ഗഡു | 5,000 |
| ഇന്ദിര വിനോദ് കുമാർ | അവസാന ഗഡു | 10,000 |
| സരസ്വതി | 3,4,5 ഗഡുക്കൾ | 1,15,000 |
| വിനിതവിനോദ് | അവസാന ഗഡു | 5,000 |
| മനോജ് | അവസാന ഗഡു | 5,000 |

നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2017 മാർച്ചിനു ശേഷം പദ്ധതിയിൽ അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടിവരുമെന്നതിനാൽ തുക ലാപ്സാകുന്നതിനു മുൻപ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 കെ.യു.ആർ.ഡി.എഫ്.സി.വായ്പാ തിരിച്ചടവ് -അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നില്ല, ലോൺ തിരിച്ചടയ്ക്കാൻ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക അടവാക്കാൻ വൈകിയതിന് ഉത്തരവാദികളിൽ നിന്നും പലിശ ഈടാക്കണം.

കേരള അർബൻ &റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (KURDFC) യിൽ നിന്നും നഗരസഭ 1998-99മുതൽ 2003-04 വരെ കാലയളവിൽ 2,79,77,125 രൂപ വായ്പയെടുത്തിരുന്നു. ഇതിൽ 31.3.16 വരെ 7,26,93,192/- രൂപ തിരിച്ചടച്ചിട്ടുണ്ട്. വാർഷിക കണക്കു പ്രകാരം 1,04,00,000/-വർഷാവസാനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. നഗരസഭ വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ 30.12.13ലെ 71068/ഐ.എ2/13ത.സ്വ.ഭ.വ. കത്ത് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ലോൺ തിരിച്ചടക്കാൻ സർക്കാർ അനുമതി നൽകിയതിനെ തുടർന്ന് ബിൽ നം. 47/14-15.തിയതി 30.3.15 പ്രകാരം ഒരു കോടി രൂപ പിൻവലിച്ചത് ഡി.ഡി.നം.248773/17.6.15 പ്രകാരം തിരിച്ചടച്ചു.

സർക്കുലർ നമ്പർ 31/12/Fin.Dt.02.06.2012 ലെ ഖണ്ഡിക 4 പ്രകാരം നിശ്ചിത ആവശ്യത്തിനായി പിൻവലിച്ച തുക വിതരണം ചെയ്യാതെ ഡി.ഡി.ആയി കൈവശം സൂക്ഷിക്കുന്നത് കെ.എഫ്.സി.വോള്യം 1. ആർട്ടിക്കിൾ 40(സി)7 ന് വിരുദ്ധമാണെന്നും ഡി.ഡി.പിൻവലിച്ച് 5 ദിവസത്തിനകം അർഹതപ്പെട്ടവർക്ക് നൽകേണ്ടതാണെന്നും അനധികൃതമായി

കൈവശം വെയ്ക്കുന്നവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണെന്നും തുക 12% പലിശ സഹിതം തിരിച്ചടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്..

ലോൺ തിരിച്ചടക്കുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുക 78 ദിവസങ്ങൾക്കു ശേഷമാണ് കെ.യു.ആർ.ഡി.എഫ്.സി.യിൽ അടവാക്കിയത്. ടി തുകയ്ക്ക് മേൽ സർക്കുലർ പ്രകാരം 12% പലിശ കണക്കാക്കുമ്പോൾ (1,00,00,000 x12/100x78/365=2,56,438) 2,56,438/- രൂപ വരുന്നതാണ്. കെ.യു.ആർ.ഡി.എഫ്.സി. ഇതിനേക്കാൾ ഉയർന്ന നിരക്കിലാണ് നഗരസഭയിൽ നിന്നും പലിശ ഈടാക്കുന്നത് എന്നതിനാൽ തുക അടവാക്കാൻ വൈകിയ കാലയളവിലേക്ക് ഒരു കോടി രൂപയ്ക്ക് 78 ദിവസത്തേക്ക് പലിശയിനത്തിൽ കെ.യു.ആർ.ഡി.എഫ്.സി. ഈടാക്കുന്ന തുകയോ/മേൽ പ്രകാരം കണക്കാക്കിയ തുകയോ ഏതാണോ കൂടുതൽ വരുന്നത് ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണം.

തുക അടവാക്കുന്നതിന് ആവശ്യപ്പെട്ട് കെ.യു.ആർ.ഡി.എഫ്.സി. നൽകുന്ന കത്തുകൾ പ്രകാരം തുക അടവാക്കുന്നതല്ലാതെ ആയതിന് പലിശ, പിഴപലിശ എന്നിവ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയോ കെ.യു.ആർ.ഡി.എഫ്.സി. കണക്കാക്കിയ നിരക്ക് ശരിയാണോയെന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല. ലോൺ സംബന്ധിച്ച വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി നഗരസഭ കെ.യു.ആർ.ഡി.എഫ്.സി.യുമായി ഉണ്ടാക്കിയ കരാർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലായെന്നതിനാൽ ഇത് സംബന്ധിച്ച പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

## 3-21 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ സെൽ നടപ്പാക്കിയ വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ അനേകം ഗുണഭോക്താക്കൾ ഇനിയും ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം./വർഷം | ആകെ | നിർമ്മാണം പൂർത്തീകരിച്ചത് | പൂർത്തീകരിക്കാനുള്ളത് | കുറിപ്പുകൾ |
|---|---|---|---|---|
| 312/15-16 (എസ്.സി) | 45 | 41 | 4 | 5ാമത്തെ ഗഡു തുക കൈപ്പറ്റിയിട്ടില്ല. |
| 311/15-16 (എസ്.സി) | 10 | - | 10 | 4,5 ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല |
| 23/14-15 സ്പിൽ ഓവർ (എസ്.സി) | 10 | 1 | 9 | 7 പേർ 5ാമത്തെ ഗഡുവും രണ്ട് പേർ 4,5 ഗഡുക്കളും കൈപ്പറ്റിയിട്ടില്ല |
| 310/15-16 (ജനറൽ) | 44 | - | 35 | അപേക്ഷകരിൽ 9 പേരുടെ ഭൂമി നിലം ആയതിനാൽ നിർമ്മാണ പെർമിറ്റ് നൽകിയിട്ടില്ല. 12പേർ മൂന്നാമത്തെ ഗഡുമുതലും 23 പേർ നാലാമത്തെ ഗഡു മുതലും തുകകൾ കൈപ്പറ്റിയിട്ടില്ല. (പെർമിറ്റ് ഇല്ലാതെ (നിലം) ഒരാൾക്ക് ആദ്യ ഗഡു |

| | | | | |
|---|---|---|---|---|
| | | | | നൽകിയിട്ടുണ്ട്. ടി തുക തിരികെ ഈടാക്കേണ്ടതാണ്.) |
| 22/14-15<br>സ്പിൽ ഓവർ<br>(ജനറൽ) | 43 | 33 | 10 | ഒരാൾ രണ്ടാമത്തെ ഗഡു മുതലും,<br>ഒരാൾ മൂന്നാമത്തെ ഗഡു മുതലും 8 പേർ അവസാനഗഡുവും തുകകൾ കൈപ്പറ്റിയിട്ടില്ല. ഇതിൽ പെർമിറ്റ് ലഭിക്കാത്ത ഒരാൾക്ക് ആദ്യ ഗഡു തുക നൽകിയിട്ടുണ്ട്. |

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## **3-22** ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല-പദ്ധതി റീ വിസിറ്റ് നടത്തണം മോണിറ്ററിംഗ് കാര്യക്ഷമമാക്കണം.

അശരണരും അഗതികളുമായ ഗുണഭോക്താക്കളെ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഇവരുടെ അതിജീവന, വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട ആശ്രയ പദ്ധതി കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം മൂലം ലക്ഷ്യം നേടിയില്ല. പ്രാദേശിക ഭരണകൂടത്തിന്റെ പരിധിയിലുള്ള അഗതി കുടുംബങ്ങളെ കണ്ടെത്താൻ സർക്കാർ നിർദ്ദേശിച്ച ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിലുൾപ്പെടുത്തുന്നതിന് 165കുടുംബങ്ങളെ നഗരസഭ തെരഞ്ഞെടുത്തിരുന്നു. പദ്ധതിയുടെ 16.1.10 ലെ സ.ഉ(എം.എസ്)12/2010 ത.സ്വ.ഭ.വ ഉത്തരവ് പരിചരണ സേവനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം ആശ്രയ പദ്ധതിയുടെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണെന്നും ഉപസമിതി രൂപീകരിച്ച് രണ്ടു മാസത്തിലൊരിക്കൽ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനും ഓരോ അയൽക്കൂട്ടവും ഉൾപ്പെടുന്ന ആശ്രയ കുടുംബത്തിന്റെ പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തുന്നതിനായി അയൽക്കൂട്ടങ്ങൾ ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ നഗരസഭയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടു. പദ്ധതി മോണിറ്ററിംഗ് നടത്തുന്നതായോ കൈവരിച്ച ലക്ഷ്യങ്ങളെ സംബന്ധിച്ച് നാളിതുവരെ റീ വിസിറ്റ് നടത്തിയതായും കാണുന്നില്ല. പദ്ധതി ആരംഭിച്ച് നീണ്ട കാലയളവിനു ശേഷവും ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും സാക്ഷാത്കരിക്കുന്നതിന് സാധിച്ചിട്ടില്ല. ആശ്രയ ഒന്നാം ഘട്ടം പ്രവർത്തനം അവസാനിച്ച സാഹചര്യത്തിൽ തുടർ സേവന പ്രോജക്ട് തയ്യാറാക്കി സർക്കാർ അനുമതി വാങ്ങിയിട്ടില്ല.

ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വതിയതി.16.11.13 മാർഗ്ഗ രേഖ ഖണ്ഡിക 8(vii) പ്രകാരം ആശ്രയ പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്നും, ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂവെന്നുംഖണ്ഡിക 6.7(1)),ഖണ്ഡിക6.8 എന്നിവ പ്രകാരം ഭവനരഹിതരും വീടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായംനൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ എന്നിങ്ങനെ നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിക്കാതെയാണ് പ്രൊജക്ടുകൾ നടപ്പാക്കുന്നത് എന്ന് താഴെ കാണുന്ന ഗുണഭോക്താക്കളുടെ പരിഹരിക്കപ്പെടാത്ത ആവശ്യങ്ങളുടെ ലിസ്റ്റിൽ നിന്നും വ്യക്തമാണ്. നിലവിൽ രണ്ടു ഘട്ടങ്ങളിലായി ഇനിയും പരിഹരിക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ സംബന്ധിച്ച് നഗരസഭയിലെ സി.ഡി.എസ്. നൽകിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ടം |
|---|---|
| ആകെ കുടുംബങ്ങൾ | 165 |
| നിലവിലുള്ള കുടുംബങ്ങൾ | 135 |

| | |
|---|---|
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമായവർ | 63 |
| ലഭിച്ചവർ | 4 |
| വീട് ആവശ്യമായവർ | 135 |
| ലഭിച്ചവർ | 23 |
| വീട് റിപ്പയറിംഗ് ആവശ്യമായവർ | 6 |
| ലഭിച്ചവർ | - |
| ടോയ് ലറ്റ് ആവശ്യമായവർ | 132 |
| ലഭിച്ചവർ | - |
| കുടിവെള്ളം ആവശ്യമായവർ | 158 |
| ലഭിച്ചവർ | |
| വൈദ്യുതി ആവശ്യമായവർ | 140 |
| ലഭിച്ചവർ | - |

ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായംനൽകിവരുന്ന പ്രവണത കാണുന്നുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്.

ആശ്രയയിൽ ഉൾപ്പെട്ട അഗതികളുടെ ആവശ്യങ്ങൾ നടപ്പാക്കിയതിന്റെ നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതും വിലയിരുത്തൽ സമിതി, ഉപസമിതി എന്നിവ നിർബന്ധമായും ഇക്കാര്യം പരിശോധിച്ച് അർഹരായവർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പു വരുത്തേണ്ടതുമാണ്. ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള കർശന നിർദ്ദേശം നഗരസഭ നൽകേണ്ടതും ആശ്രയ പദ്ധതിയുടെ റീ വിസിറ്റ് നടത്തി വാർഷിക പദ്ധതി രൂപീകരണ സമയത്ത് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിനും, ഒന്നാംഘട്ട തുടർസേവന പദ്ധതി തയ്യാറാക്കി സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പ് മോണിറ്ററിംഗ് സമിതി ഉറപ്പു വരുത്തേണ്ടതും ഇക്കാര്യത്തിൽ `ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 3-23 ആശ്രയയിലുൾപ്പെട്ട ഭൂരഹിതരായ എസ്.സി ഗുണഭോക്താക്കൾക്ക് പുനരധിവാസം നാളിതുവരെ സാധ്യമായിട്ടില്ല. ഭവന നിർമ്മാണത്തിനായി വാങ്ങിയ ഭൂമി പാഴായി.വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

നഗരസഭയിലെ ആശ്രയ പദ്ധതി ഒന്നാംഘട്ടം അവസാനിച്ചുവെങ്കിലും ഭവന നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട 63 ഗുണഭോക്താക്കളിൽ 4 പേർക്ക് മാത്രമേ നാളിതുവരെ ഭൂമി നൽകിയിട്ടുള്ളു. മേൽ ഗുണഭോക്താക്കളിൽ വളരെയധികം പേർ എസ്.സി. വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾ ആണ്.

നഗരസഭ 2010-11, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഭൂരഹിതരായ എസ്.സി.ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം നടത്തുന്നതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നതിനായി പുല്ലൂറ്റ് വില്ലേജ് സർവ്വെ നം. 362/4,5,6 പ്രകാരം 64.1 ആർ സ്ഥലവും ടി വില്ലേജ് സർവ്വെ നംപർ 396/2 ൽ 72.03 ആർ അടക്കം ആകെ 136.13ആർ സ്ഥലം (3 ഏക്കർ 36.24 സെന്റ്) കൊടുങ്ങല്ലൂർ എസ്.ആർ.ഒ.യിൽ രജിസ്റ്റർ ചെയ്ത 1118/1/11, 1069/1/13 നംപർ ആധാരങ്ങൾ പ്രകാരം വാങ്ങിയിട്ടുണ്ട്. നഗരസഭാ പരിധിയിൽ ഭൂരഹിതരും ഭവനരഹിതരുമായ അനേകം ഗുണഭോക്താക്കൾ ഉള്ളതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് മുൻ വർഷങ്ങളിൽ വാങ്ങിയ ഭൂമിയുടെ ഉപയോഗയോഗ്യത (utility) പരിശോധിക്കുന്നതിനായി 30.12.16 ന് നഗരസഭാ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രകാരം വാർഡ് 12 ൽ അയ്യൻ കുളത്തിന് കിഴക്കും, വാർഡ് 13 ൽ കോഴിക്കട എന്ന സ്ഥലത്തിന് കിഴക്കു ഭാഗത്തുമായി വാങ്ങിയ രണ്ട് ഭൂമിയിലേക്കും ആവശ്യമായ വഴി ഇല്ലായെന്നും ഇരു സ്ഥലങ്ങളും കണ്ടൽ ചെടികളും, കുറ്റിക്കാടുകളും നിറഞ്ഞതും തോടുകളോടു കൂടിയതുമായ ചതുപ്പുനിലങ്ങളാണ് നഗരസഭ വാങ്ങിയിട്ടുള്ളത് എന്നും കണ്ടു. ഇവയുടെ ആധാരങ്ങൾ പരിശോധിച്ചതിൽ നിന്നും 1118/1/11 നമ്പർ ആധാരത്തിന്റെ കിഴക്കേ അതിര് പുഴ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. 1069/1/13നംപർ ആധാരത്തിൽ സ്ഥലത്തിന്റെ തരം തോടും,ചിറയും, നിലം നികത്തും എന്നും രേഖപ്പടുത്തിയിട്ടുണ്ട്. ബി.ടി.ആർ. രേഖകൾ പ്രകാരം ടി സ്ഥലത്തിന്റെ തരം നിലം ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ആധാരങ്ങളിൽ ടി സ്ഥലത്തേക്ക് വഴിയുള്ളതായി രേഖപ്പടുത്തിയിട്ടില്ല.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011 ജനുവരി 6 ന് വിജ്ഞാപനം ചെയ്ത ഗവൺമെന്റ് ഓഫ് ഇൻഡ്യാ ഗസറ്റിൽ

കേരളത്തിനു ബാധകമായ CRZ നിർദ്ദേശങ്ങൾ ഖണ്ഡിക 2 (I) മുതൽ (v) വരെ വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ മുഴുവൻ കായൽ തുരുത്തുകളും സി.ആർ.സെഡ് വിജ്ഞാപനത്തിനു വിധേയമായിരിക്കുമെന്നും, വേലിയേറ്റ രേഖയുടെ അൻപത് മീറ്ററിനുള്ളിൽ പുതിയ നിർമ്മാണ പ്രവൃത്തികൾ അനുവദിക്കുകയില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരവും, 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും 12.8.2008 ൽ പ്രാബല്യത്തിൽ വന്ന നെൽവയൽ നീർത്തട തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരവും ഈ ഭൂമിയിൽ നിലവിൽ കെട്ടിട നിർമ്മാണം സാധ്യമല്ല. ഈ സാഹചര്യത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രാബല്യത്തിൽ വന്ന ശേഷവും ആവശ്യമായ റവന്യൂ രേഖകൾ പരിശോധിക്കാതെ ഉപയോഗയോഗ്യമല്ലാത്ത സ്ഥലം വാങ്ങിയതുവഴി ഫണ്ട് ചെലവഴിച്ച് സംസ്ഥാന സർക്കാരിനും നഗരസഭയ്ക്കും നഷ്ടം വരുത്തിയെന്നല്ലാതെ നാളിതുവരെ എസ്.സി.വിഭാഗത്തിൽപെട്ട ഭൂരഹിതർക്ക് ഭവന നിർമ്മാണം നടത്തുന്നതിനായി ടി സ്ഥലം പ്രയോജനപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത് എന്നു കാണുന്നു. ഇത്തരത്തിൽ സംഭവിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കേണ്ടതും ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.





## 3-24 ഭീമമായ വെള്ളക്കര കുടിശിക-പരിഹാരനടപടികൾ ത്വരിതമാക്കേണ്ടതാണ്.

ഇരിങ്ങാലക്കുട പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ 14/12/16-ലെ ബിൽ നം.435/16-17 പ്രകാരം നഗരസഭയുടെ 12/16 വരെയുള്ള വെള്ളക്കര കുടിശിക 93599164 രൂപയാണ്. ഇതിൽ 1583220 രൂപ പിഴയിനത്തിലുള്ളതാണ്. വെള്ളക്കര കുടിശിക സംബന്ധിച്ച ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബിൽ പ്രകാരം 1074 ടാപ്പുകൾക്ക് മാസം തോറും 705618 (7884 രൂപ/വർഷം) അടക്കേണ്ടതുണ്ട്. 2015-16 വർഷത്തിൽ പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നടപ്പാക്കിയ പദ്ധതി പ്രകാരം 400 ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നല്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ നഗരസഭ നാളിതുവരെ ഇത്തരത്തിൽ നൽകിയ കണക്ഷനുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതാണ്. 16/1/13-ലെ 362/13/ത.സ്വ.ഭ.വ.നം. സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.11(3)

അനുസരിച്ച് ഗാർഹിക കണക്ഷൻ നൽകുമ്പോൾ ആനുപാതികമായി പൊതുടാപ്പുകളുടെ എണ്ണം കുറവു വരുത്തണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്. വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ 87 ടാപ്പുകൾ കണക്ഷൻ നൽകുന്ന മുറക്ക് ഒഴിവാക്കാനാകുന്നവയായി കണ്ടെത്തിയിട്ടുണ്ട്. പക്ഷെ 29 ടാപ്പുകൾ മാത്രമേ ഒഴിവാക്കിയിട്ടുള്ളൂ. ഗാർഹികകണക്ഷൻ പ്രോത്സാഹിപ്പിച്ച് പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതിനൊപ്പം തന്നെ ഭീമമായ കുടിവെള്ളകുടിശിക തീർപ്പാക്കാനാവശ്യമായ ക്രിയാത്മകമായ സത്വരനടപടികളും സ്വീകരിക്കേണ്ടതാണ്. നഗരസഭാ ഫണ്ടിന് വൻ സാമ്പത്തികബാദ്ധ്യത വരുത്തിവെക്കുന്ന കുടിവെള്ളകുടിശിക പരിഹരിക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കേണ്ടതാണ്.

## 3-25 മാലിന്യ സംസ്കരണം-അവലോകനം

നഗരസഭയുടെ പുല്ലൂറ്റ് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് അടച്ചു പൂട്ടിയതിനു ശേഷം നഗരത്തിലുണ്ടാകുന്ന മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭ ഏർപ്പെടുത്തിയ സംവിധാനങ്ങൾ പര്യാപ്തമല്ല എന്നു കാണുന്നു. പ്ലാന്റ് അടച്ചുപൂട്ടിയ സമയത്ത് മാലിന്യ സംസ്കരണത്തിനായി നഗരസഭാ പരിധിയിൽ നഗരസഭാ ഓഫീസ് പരിസരത്തും പഴയ നഗരസഭാ പരിസരത്തുമായി രണ്ടിടങ്ങളിൽ (2 ടൺ കപ്പാസിറ്റിയുള്ള) തുമ്പൂർമൊഴി മോഡൽ മാലിന്യ സംസ്കരണ കിയോസ്കുകൾ സ്ഥാപിച്ചിരുന്നു. ഇതിൽ നഗരസഭാ പ്രദേശത്തുണ്ടായിരുന്ന കിയോസ്കുകൾ കെട്ടിട നിർമ്മാണത്തെ തുടർന്ന് നീക്കം ചെയ്തിട്ടുണ്ട്. നിലവിൽ പഴയ മുനിസിപ്പൽ പ്രദേശത്തെ കിയോസ്കുകൾ മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത് ഇത് നിലവിലെ മാലിന്യം സംസ്കരിക്കാൻ അപര്യാപ്തവുമാണ്. യഥാർത്ഥത്തിൽ നഗരത്തിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങിനെയെന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല.

മാലിന്യം നീക്കം ചെയ്യുന്നതിനായി ഹെൽത്ത് വിഭാഗത്തിൽ 24സ്ഥിരം തൊഴിലാളികളും 6 താൽക്കാലിക തൊഴിലാളികളും ഉണ്ട്. നഗരസഭ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക് വേർതിരിച്ച് നഗരസഭാ പരിധിയിലുള്ള സയൻസ് സെന്റർ എന്ന സ്വകാര്യ സ്ഥാപനത്തിന് നൽകുന്നുണ്ട്. ഇത്തരത്തിൽ പ്ലാസ്റ്റിക് കൈമാറുന്നത് സംബന്ധിച്ച കൗൺസിൽ തീരുമാനങ്ങൾ, ഉത്തരവുകൾ തുടങ്ങിയ ആധികാരിക രേഖകൾ ലഭ്യമല്ല. നഗരസഭയിൽ മാലിന്യം അധികമായി ശേഖരിക്കപ്പെടുന്ന സമയങ്ങളിൽ കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിച്ച ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

നഗരസഭയുടെ പുല്ലൂറ്റ് പ്രവർത്തിക്കുന്ന ഖരമാലിന്യ പ്ലാന്റിൽ നിന്നും അജൈവമാലിന്യം നീക്കം ചെയ്തതിന് ഒലീന മഹിളാ സമാജം, കോഴിക്കോട് എന്ന സ്ഥാപനത്തിന് 5,33,316/- രൂപ നല്കാനുള്ളതായി കാണിച്ച് കോ-ഓർഡിനേറ്റർ കത്തു നൽകിയിട്ടുണ്ട്. നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ്, നിരക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇനിയും വളരെയധികം അജൈവമാലിന്യം ടി പ്ലാന്റിൽ നിന്നും നീക്കം ചെയ്യുവാനുണ്ടെന്നും മാലിന്യ സംസ്കരണത്തിനായി പ്ലാന്റ് തുടർന്ന് പ്രവർത്തിപ്പിക്കാൻ പ്രദേശവാസികളുടെ എതിർപ്പ് മൂലം സാധിക്കില്ലായെന്നും നഗരസഭ വാക്കാൽ അറിയിച്ചിട്ടുണ്ട്.

നഗരസഭയിൽ ഒരു ദിവസം ഉണ്ടാകുന്ന മാലിന്യത്തിന്റെ ശരാശരി അളവ്, മാലിന്യം സംസ്കരണകിയോസ്കുകൾക്ക് പ്രതിദിനം സംസ്കരിക്കാൻകഴിയുന്ന മാലിന്യത്തിന്റെ അളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ, മാലിന്യ സംസ്കരണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾ എന്നിവയ്ക്ക് മറുപടി ലഭ്യമാക്കുകയോ, ആവശ്യമായ ഫയലുകൾ ഓഡിറ്റിന് നൽകുകയോ ചെയ്തിട്ടില്ല.

പ്ലാന്റ് പ്രവർത്തിച്ചിരുന്ന കാലയളവിൽ ശേഖരിച്ചിരുന്ന അളവിൽ മാലിന്യം ശേഖരിക്കാനോ സംസ്കരിക്കാനോ നിലവിൽ സാധിക്കുന്നില്ലെങ്കിലും പ്ലാന്റ് അടച്ചുപൂട്ടിയ 8/14 മുതൽ പ്ലാന്റിൽ ജോലി ചെയ്തിരുന്ന ആറ് തൊഴിലാളികളെ സി.എൽ.ആർ വ്യവസ്ഥയിൽ വിവിധ കൗൺസിൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തുടരാനനുവദിക്കുകയും തനതുഫണ്ടിൽ നിന്നും ഇവർക്ക് നൽകിയ വേതനം പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭയുടെ കോട്ടപ്പുറം ചന്തയിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഉദയം സ്വയം സഹായസംഘം എന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 1.25 രൂപാ നിരക്കിൽ ചന്ത പ്രവർത്തിക്കുന്ന ദിവസങ്ങളിലെ ശരാശരി മാലിന്യം 2.5 ടൺ കണക്കാക്കി തുക നൽകുന്നുണ്ട്. ഇത്തരത്തിൽ തനതുഫണ്ടിൽ നിന്നും നൽകുന്ന തുകയും പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് തനതു ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

നഗരസഭാ പരിധിയിലുണ്ടാകുന്ന മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിനും ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ മാലിന്യ സംസ്കരണ കിയോസ്കുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

## 3-26 മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്

പ്രോജക്ട് നം.SO128/16,കോൺക്രീറ്റിങ് ബാലൻസ് പോർഷൻ നിയർ ഹിന്ദി പ്രചാരസഭ

അടങ്കൽതുക-215000(വികസനഫണ്ട്)

കൺവീനർ-ശ്രീ.ഇ.കെ വിശാഖൻ

ബിൽ നം.34/27/1/16-53750

പ്രവൃത്തി സംബന്ധിച്ച കൺവീനറുടെ കണക്കുപുസ്തകം പ്രകാരം 181305 രൂപയുടെ ചെലവു വന്നിട്ടുണ്ട്. ആയതിന്റെ ആധികാരികത പരിശോധിച്ച് എത്രയും വേഗം അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

## 3-27 പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.(ബോയ്സ്) നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.(ബോയ്സ്) നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

*1. പ്രോജക്ട് നമ്പർ 326/16 - വാട്ടർ പ്യൂരിഫയർ പൊതു വിദ്യാലയങ്ങൾക്ക് വാങ്ങി സ്ഥാപിക്കുന്നതിനുള്ള വിഹിതം*

വികസന ഫണ്ടിൽ നിന്നും 75000 രൂപ വകയിരുത്തി ട്രഷറി ബിൽ നമ്പർ 2/31-3-2016 പ്രകാരം മുഴുവൻ തുകയും ചെലവഴിച്ച് നടപ്പാക്കിയ ടി പദ്ധതിയിൽ M/s സുനീസ് അമ്പാടി ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2 വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയിട്ടുണ്ട്.

അപാകതകൾ :

1. ജി.ഒ.(പി) 259/2010/തസ്വഭവ. തീയതി 8-11-2010 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. വാട്ടർ പ്യൂരിഫയർ എവിടെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4. തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/28-12-2016-ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*2. പ്രോജക്ട് നമ്പർ 328/16 - നഗരസഭയിലെ പൊതുവിദ്യാലയങ്ങൾക്ക് കായികോപകരണങ്ങൾ വിതരണം*

വികസനഫണ്ടിൽ നിന്നും 125000 രൂപ വകയിരുത്തി ട്രഷറി ബിൽ നമ്പർ 4/31-3-2016 പ്രകാരം 124920 രൂപ ചെലവഴിച്ച് മേരാ സ്പോർട്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ചെണ്ട, ഡോലക്, ഡ്രം തുടങ്ങിയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ചെണ്ട, ഡോലക് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങിയത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. ടി സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, വിതരണം ചെയ്തതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/28-12-2016-ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 124920 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

*3. പ്രോജക്ട് നമ്പർ 327/16 – തിരഞ്ഞെടുത്ത ക്ലബ്ബുകൾ/സാംസ്കാരിക സംഘടനകൾക്ക് കലാ-കായികോപകരണങ്ങൾ*

വികസനഫണ്ടിൽ നിന്നും 185000 രൂപ വകയിരുത്തി ട്രഷറി ബിൽ നമ്പർ 5/31-3-2016 പ്രകാരം 184630 രൂപ ചെലവഴിച്ച് മേരാ സ്പോർട്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും കായിക ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ്, ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ, സ്പോർട്സ് സാമഗ്രികൾ കൈപ്പറ്റിയതിനുള്ള ക്ലബ്ബുകളുടെ അംഗീകൃത ഭാരവാഹികളുടെ ഔദ്യോഗിക കൈപ്പറ്റ് രസീത്, സ്കൂളുകളുടെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാരുടെ ഔദ്യോഗിക കൈപ്പറ്റ് രസീത്, സാധനങ്ങൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/28-12-2016-ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 184630 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

*4. പ്രോജക്റ്റ് നമ്പർ 255/16 – ജി.എച്ച്.എസ്.എസ്-ന്റെ വൈദ്യുതി, ടെലഫോൺ ചെലവുകൾ*

റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 80000 രൂപ വകയിരുത്തിയ പ്രോജക്ടിൽ നിന്നും ട്രഷറി ബിൽ നമ്പർ 6/31-3-2016 പ്രകാരം 3923 രൂപ വൈദ്യുതി ചാർജായും 560 രൂപ ടെലഫോൺ ചാർജായും അടവാക്കിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ബിൽ, ടെലഫോൺ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/28-12-2016-ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 4483 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-28 ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.(ബോയ്സ്) -ന്റെ ട്രഷറി ബിൽ നമ്പർ 1/22-2-2016 പ്രകാരം 21064 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/28-12-2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭിച്ചില്ല.

കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം രേഖകളോ കണക്കുകളോ നൽകുന്നതിന് വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കുകളോ നിലവിൽ ഇല്ലയെന്ന് കരുതപ്പെടുന്നതും അത്തരത്തിൽ രേഖകൾ ഇല്ലാതെ നടത്തിയ ചെലവായി പരിഗണിച്ച് മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3-29 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | അപാകതയുടെ ചുരുക്കം |
|---|---|---|---|---|
| 14/16 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് അലവൻസ് നൽകൽ | 17/23-3-2016 | 1898000 | 12000 രൂപ സ്കോളർഷിപ്പ് അനുവദിച്ച ഹരിശങ്കർ എം.പി, മുല്ലക്കൽ വീട്, കോട്ടപ്പുറം എന്ന വിദ്യാർത്ഥിക്ക് 30% മാത്രമാണ് വികലാംഗത്വം. സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എംഎസ്) 362/2013/തസ്വഭവ. തീ.16.11.2013പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് ചുരുങ്ങിയത് 40% വികലാംഗത്വം വേണം. |
| 350/16 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ | 18/25-3-2016 | 1000000 | സ്കൂട്ടർ വിത്ത് സൈഡ് വീൽ കൈപ്പറ്റിയ പ്രതീഷ് മാനമ്പിള്ളി, വാർഡ് 12 എന്നയാളുടെ പേരിൽ |

| | | | | |
|---|---|---|---|---|
| | | | | വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 28/29-12-2016 പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് അർഹതയില്ലാത്തയാൾക്ക് അനുവദിച്ച തുക ട്രഷറിയിൽ തിരിച്ചടച്ചതിന്റെ ചലാൻ (ചലാൻ നമ്പർ 12/30-12-2016)ഹാജരാക്കിയിട്ടുണ്ട്. പ്രതീഷ് മാനമ്പിള്ളി എന്നയാളുടെ പേരിൽ നിലവിൽ വികലാംഗർക്കുള്ള മറ്റൊരു വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് സാങ്കേതിക തടസ്സമുണ്ടെന്ന് മോട്ടോർ വാഹന വകുപ്പ് നിലപാടെടുത്തതിനാലാണ് വാഹനം ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്യാതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. നിലവിൽ ഒരു വാഹനം ഉള്ളയാൾക്ക് വീണ്ടും വാഹനം അനുവദിച്ചത് ഗുണഭോക്തൃ തിരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടക്കുന്നില്ല എന്ന് തെളിയിക്കുന്നു. ടിയാന് അനുവദിച്ച വാഹനം തിരികെ വാങ്ങി നഗരസഭ 2016-17-ൽ നടപ്പാക്കുന്ന ഇതേ പദ്ധതിയിലൂടെ ജി.ഒ.(എം.എസ്)4/2016/തസ്വഭവ. തീയതി 11.1.2016 എന്ന പുതുക്കിയ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അർഹതയുള്ള മറ്റൊരു ഗുണഭോക്താവിന് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-30 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 9/16 | നഗരസഭാ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | 23/30-1-2016 | 1244166 | സ്റ്റോക്ക് രജിസ്റ്റർ, കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയുടെ വിവരം രേഖപ്പെ-ടുത്തിയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ |
| 307/16 | മുനിസിപ്പാലിറ്റിയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിന് | 25/19-2-2016 | 3458372 | വാട്ടർ അതോറിറ്റിയുടെ കൈപ്പറ്റ് രസീത് |
| 11/16 | അംഗൻവാടികളുടെ കുടിവെള്ള കണക്ഷൻ | 22/30-1-16 | 1030000 | 41 അംഗൻ-വാടികളുടെ വാട്ടർ കണക്ഷൻ ചാർജിന-ത്തിൽ വാട്ടർ അതോറിറ്റിയിൽ തുക അടവാക്കി. വാട്ടർ കണക്ഷൻ ലഭിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല. |
| 373/16 | ഐ.കെ.എം.ന് അടക്കേണ്ട വിഹിതം | 47/31-3-2016 | 213625 | ഐ.കെ.എം.ന്റെ കൈപ്പറ്റ് രസീത് |
| 7/16 | സ്ട്രീറ്റ് ലൈൻ നീട്ടുന്നതിന് തുക കെ.എസ്.ഇ.ബി.യിൽ | 7/19-9-2015 | 630421 | കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ്, കൈപ്പറ്റ് രസീത്, പ്രവൃത്തിയുടെ |

| | | | | |
|---|---|---|---|---|
| | അടക്കുന്നതിന് | | | പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ |
| | ആകെ | | 6576584 | |

മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 33/30-12-2016 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-31 പ്രിന്റിങ്ങ് ചാർജ്ജ്- ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 1/16 പ്രകാരം നടപ്പാക്കിയ *പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ്ങ് ചെലവുകൾ* എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 400000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 46/31-3-2016 പ്രകാരം 2,17,888 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ തുകയിൽ 1,37,508 രൂപ പ്രിന്റിങ്ങ് ചാർജ് ഇനത്തിൽ സ്റ്റാർ ഓഫ് സെറ്റ് പ്രിന്റേഴ്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് നൽകിയതാണ്. ടി സ്ഥാപനത്തിനെ പ്രവൃത്തി ഏല്പിച്ചിട്ടുള്ളത് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/തസ്വഭവ. തീയതി 8-11-2010 പ്രകാരം 1,00,000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 34/30-12-2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ 1,37,508 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-32 ടി.എ.അഡ്വാൻസ് നിയമപ്രകാരമുള്ള കാലാവധിയ്ക്കകം ക്രമീകരിച്ചില്ല

കെ.എസ്.യു.ഡി.പി-യു.ഐ.ഡി.എസ്.എസ്.എം.ടി പ്രോജക്ടിന് അംഗീകാരം വാങ്ങുന്നതിനായി വിമാനത്തിൽ ഡൽഹിയിൽ പോകുന്നതിന് യാത്രാബത്ത അഡ്വാൻസ് ഇനത്തിൽ 60000 രൂപ 4-1-2014-ൽ മുനിസിപ്പൽ ചെയർപേഴ്സൻ ശ്രീമതി കെ.ബി.മഹേശ്വരി കൈപ്പറ്റിയിരുന്നു. ടി അഡ്വാൻസ് തുക 12-10-2015-ൽ മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. (വൗച്ചർ നമ്പർ 67/10-15) അഡ്വാൻസ് തുകയിൽ ബാക്കിയുള്ള 19701 രൂപ 12-10-2015-ൽ തിരിച്ചടച്ചു. ഈ ഇടപാട് താഴെ പറയുന്ന കാരണങ്ങളാൽ ക്രമപ്രകാരമല്ല.

1. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 88 പ്രകാരം യാത്ര നടത്തി തൊട്ടടുത്ത മാസം തന്നെ അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്. കൂടാതെ അഡ്വാൻസ് തുക മൊത്തം യാത്രാബത്തയേക്കാൾ അധികരിക്കരുത്. ഇവിടെ ആകെ യാത്രാബത്തയേക്കാൾ 19701 രൂപയാണ് അധികം അനുവദിച്ചത്. മാത്രമല്ല തുക കൈപ്പറ്റി 21 മാസങ്ങൾക്കു ശേഷമാണ് ബാക്കിയുള്ള തുക തിരിച്ചടച്ചത്.
2. കെ.എഫ്.സി.ആർട്ടിക്കിൾ 53(e) നോട്ട് 1 പ്രകാരം ഫൈനൽ യാത്രാബത്ത ബിൽ അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം സമർപ്പിച്ചില്ലെങ്കിൽ അഡ്വാൻസായി അനുവദിച്ച മുഴുവൻ തുകയും 3 മാസ സമയ പരിധി കഴിയുന്ന തൊട്ടടുത്ത ദിവസം 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

മേൽപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും നിയമാനുസൃതമുള്ള പലിശ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-33 ജനന മരണ രജിസ്ട്രേഷൻ, വസ്തു നികുതി എന്നിവയുടെ ഡാറ്റാ എൻട്രി - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 8/16 പ്രകാരം നടപ്പാക്കിയ *ജനന മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടറൈസ് ചെയ്യാത്തവയും വസ്തു നികുതിയും ഡാറ്റാ എൻട്രി ചെയ്യുന്നതിന്* എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 1056070 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 13/31-10-2015 പ്രകാരം മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ അക്ഷയ സെന്റർ നടത്തിപ്പുകാരനായ എം.കെ.ദിനിൽകുമാർ എന്ന വ്യക്തിക്ക് ഡാറ്റാ എൻട്രി നടത്തിയതിനുള്ള പ്രതിഫലമായാണ് തുക നൽകിയത്. പദ്ധതിയുടെ ചെലവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(ആർ.ടി)304/2012/എൽ.എസ്.ജി.ഡി തീയതി 30-1-2012 പ്രകാരം ജനന മരണ വിവാഹ രജിസ്ട്രേഷനുകളുടെ ഡാറ്റാ എൻട്രിക്ക് അനുവദിക്കാവുന്ന 8 രൂപയിൽ 0.80 രൂപ കമ്പ്യൂട്ടർ/പ്രിന്റർ/യുപിഎസ് എന്നിവയുടെ വാടകയും, 0.70 രൂപ കറന്റ് ചാർജ്, പ്രിന്റ് ഔട്ട് ഉടങ്ങിയവയുടെ ചെലവുകളും 0.50 രൂപ പരിശോധിക്കുന്ന ജീവനക്കാർക്കുള്ള ഓണറേറിയവുമാണ്. പൊതു വിവാഹ രജിസ്ട്രേഷന് ഇവയുടെ നിരക്ക് യഥാക്രമം 1 രൂപ, 0.90 രൂപ, 0.60 രൂപ എന്നിങ്ങനെയാണ്. ശ്രീ ദിനിൽ കുമാർ എന്ന വ്യക്തിക്ക് മേൽപറഞ്ഞ തുക കൂടി ഉൾപ്പെടെയാണ് പ്രതിഫലം നൽകിയിരിക്കുന്നത്. നഗരസഭയുടെ കമ്പ്യൂട്ടറുകളും പ്രിന്ററുകളുമാണോ ഡാറ്റാ എൻട്രിക്ക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

2. വൈദ്യുതി, പ്രിന്റ് ഔട്ട് എന്നിവയുടെ തുക ടിയാന് നൽകിയിട്ടുണ്ട്. ഡാറ്റയുടെ പ്രിന്റ് ഔട്ട് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

3. ജീവനക്കാർക്ക് പരിശോധനക്കുള്ള ഓണറേറിയം കരാറുകാരന് നൽകിയതിന് കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 35/30-12-2016 പ്രകാരം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ പ്രിന്റ് ഔട്ട്, വൈദ്യുതി, ജീവനക്കാരുടെ ഹോണറേറിയം എന്നീ ഇനങ്ങളിൽ കരാറുകാരന് നൽകിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ ഇടപാടിൽ താഴെ പറയും പ്രകാരം 158412 രൂപ മുനിസിപ്പൽ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട് എന്ന് ഓഡിറ്റ് കണക്കാക്കുന്നു.

| ഇനം | ആകെ രജിസ്ട്രേഷൻ | നൽകിയ നിരക്ക് (രൂപ) | നൽകാവുന്ന നിരക്ക് (വൈദ്യുതി ചാർജ്, പ്രിന്റ് ഔട്ട് , ജീവനക്കാരുടെ ഓണറേറിയം എന്നിവയുടെ തുക ഒഴികെ) | അധികം നൽകിയത് | അധികം നൽകിയ തുക(കോളം 2 x 5) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| ജനനം | 109343 | 8 | 6.80 | 1.20 | 131212 |
| മരണം | 19144 | 8 | 6.80 | 1.20 | 22973 |
| വിവാഹം | 738 | 8 | 6.80 | 1.20 | 886 |
| കോമൺ മാര്യേജ് | 2227 | 10 | 8.50 | 1.50 | 3341 |
| ആകെ | | | | | 158412 |

മേൽപറഞ്ഞ പ്രകാരമുള്ള 158412 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-34 എസ്.എസ്.എ വിഹിതം നൽകൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 2/16 പ്രകാരം നടപ്പാക്കിയ *എസ്.എസ്.എ നഗരസഭാ വിഹിതം അടക്കുന്നതിന്* എന്ന പ്രോജക്ടിനു വേണ്ടി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ട്രഷറി ബിൽ നമ്പർ 12/31-10-15 പ്രകാരം 30,48,320 രൂപ അടവാക്കിയിട്ടുണ്ട്. എസ്.എസ്.എ നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം നഗരസഭാ പ്രദേശത്തെ എല്ലാ സ്കൂളുകൾക്കുമായി ആകെ 55,94,775 രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും ഇതിന്റെ 35% തുകയാണ് നഗരസഭ നൽകേണ്ടത് എന്നും സൂചിപ്പിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ 55,94,775 രൂപയുടെ 35% തുകയായ 19,58,171 രൂപ മാത്രമേ നഗരസഭ അടവാക്കേണ്ടതുള്ളൂ. എന്നാൽ നഗരസഭ ഈയിനത്തിൽ 30,48,320 രൂപ എസ്.എസ്.എ.യ്ക്ക് അടവാക്കിയിട്ടുണ്ട്. കൂടുതലായി എസ്.എസ്.എ.യ്ക്ക് നൽകിയ 10,90,149 രൂപ എസ്.എസ്.എ.യിൽ നിന്നും തിരികെ ലഭ്യമാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നഗര സഭയിലെ വിവിധ വാർഡുകളിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്ന പ്രവർത്തി pw3-14459/15 | ഡി ഡി നം709684 തീയതി 20.1.16 | 33,60,000/- | പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 386250 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | സീമ മുരളി | കോൺക്രീറ്റിംഗ് ചെമ്പനേഴത്ത് ബൈ ലൈൻ വാർഡ് 3 | 1/15-16 | 45000/- | 45000/- | ഇല്ല |
| 2 | റഹിം പള്ളത്ത് | റി-ടാറിംഗ് മൈത്രി റോഡ് വാർഡ് 3 | 2/15-16 | 100000/- | 100000/- | ഇല്ല |
| 3 | മിനി സഹദേവൻ | റി-ടാറിംഗ് നോർത്ത് ബാലവാടി റോഡ് വാർഡ് 3 | 3/15-16 | 100000/- | 100000/- | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഹരിദാസ് കെ എസ് | കോൺക്രീറ്റിംഗ് കോൺവെന്റ്ഈസ്റ്റ് സൗത്ത് ബൈ ലൈൻ വാർഡ് 3 | 33/15-16 | 87500/- | 87500/- | ഇല്ല |
| 5 | വിശാഖൻ.ഇ.കെ | കോൺക്രീറ്റിംഗ് ബാലൻസ് പോർഷൻ ഓഫ് ഹിന്ദി പ്രചാര സഭ റോഡ് വാർഡ് 3 | 34/15-16 | 53750/- | അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 53750/- |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സർക്കാർ വായ്പ SCP | C3-18616/97(A) /5.3.1998 | 56750 | 23782 | - | - | 23782 |
| സർക്കാർ വായ്പ NSDP | A1-8326/99 /31.3.2000 | 20,00,000 | 20,00,000 | - | - | 20,00,000 |
| സർക്കാർ വായ്പ NSDP | A1-8326/99 /26.3.2001 | 2,42,000 | 1,45,200 | - | - | 1,45,200 |
| സർക്കാർ വായ്പ | A1-15094/93 /6.8.1993 | 81,500 | 10,512 | - | - | 10,512 |
| സർക്കാർ വായ്പ EIUS | GO(Rt)1431/96/LAA dt 22.3.1993 | 3,25,000 | 39,436 | - | - | 39,436 |
| KURDFCവ്യാപാര സമുച്ചയം | KURDFC/A2 /00366/06 dt 19.2.2004 | 2,00,00,000 | 3,28,68,534 | - | 2,65,00,000 | 1,01,02,860 |

കുറിപ്പ്: ബാലൻസ് ഷീറ്റ് പട്ടിക ബി.5 പ്രകാരം 1,89,80,006/- രൂപ തിരിച്ചടവാക്കാനുണ്ട്. ടി മുഴുവൻ വിവരങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (മേൽ പട്ടികയിലെ നീക്കിയിരിപ്പുമായി 66,58,216/- രൂപയുടെ വ്യത്യാസം കാണുന്നു).

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ വരവില്ല .

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 175530932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 289199193 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 215422 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11049746 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 14285 | പി.കെ പുരുഷോത്തമൻ മുനിസിപ്പൽ എഞ്ചിനീയർ |
| 3-8 | | 5200 | ഡോ.ടി.വി.റോഷ്, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ |
| 3-14 | | 16461 | പി.വി ജയപ്രകാശ് എച്ച്.എം ജി.എൽ.പി.എസ് |
| 3-28 | | 21064 | പി കെ മോഹിനി പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ് |
| 3-33 | | 158412 | വി.വി.ലതേഷ് കുമാർ സെക്രട്ടറി |
| ആകെ | | 215422 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4390000 | പി.കെ പുരുഷോത്തമൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-8 | 592820 | ഡോ. ടി.വി റോഷ് സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ |
| 3-9 | 2029295 | ഡോ. ടി.വി റോഷ് സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ |
| 3-10 | 76436 | ഡോ. ടി.വി റോഷ് |

| | | |
|---|---|---|
| | | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ |
| 3-11 | 635705 | ഡോ. ടി.വി റോഷ് സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ |
| 3-14 | 100790 | പി.വി ജയപ്രകാശ് എച്ച്.എം., ജി.എൽ.പി.എസ് |
| 3-15 | 42575 | സജിൽ കുമാർ. പി.ആർ പട്ടികജാതി വികസന ഓഫീസർ |
| 3-17 | 30000 | വി.വി ലതേഷ് കുമാർ സെക്രട്ടറി |
| 3-27 | 389033 | പി കെ മോഹിനി പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ് |
| 3-30 | 6576584 | വി.വി ലതേഷ് കുമാർ സെക്രട്ടറി |
| 3-31 | 137508 | വി.വി ലതേഷ് കുമാർ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി ജയപ്രകാശ് എച്ച്.എം ജി.എൽ.പി.എസ് ശൃംഗപുരം | എച്ച്.എം, ജി.എൽ.പി.എസ് (ബി.എച്ച്.എസ്) ശൃംഗപുരം, കൊടുങ്ങല്ലൂർ | പഴംപിള്ളി ഹൗസ് വലിയപല്ലംതുരുത്ത് ചേന്ദമംഗലം പി.ഒ നോർത്ത് പറവൂർ |
| പി.കെ പുരുഷോത്തമൻ മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ കൊച്ചിൻ കോർപ്പറേഷൻ | പെരുംപടപ്പിൽ ഹൗസ് മീനാച്ചേരി റോഡ് ഞാറയ്ക്കൽ എറണാകുളം |
| പി കെ മോഹിനി പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ് (ബോയ്സ്),ശൃംഗപുരം | കുറ്റിക്കാട്ടിൽ വീട്.പുത്തൻ വേലിക്കര,പി ഒ 693594 |
| വി വി ലതേഷ് കുമാർ | സെക്രട്ടറി ,കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | വരിക്കാട്ട് വീട് എരയാംകുടി പി ഒ കൊരട്ടി വഴി തൃശ്ശൂർ -680308 |
| ഡോ.ടി.വി.റോഷ്, സൂപ്രണ്ട്, താലൂക്ക് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊടുങ്ങല്ലൂർ | തണ്ടായപ്പറമ്പിൽ വീട്, |

| | | |
|---|---|---|
| ആശുപത്രി | | വലപ്പാട്.പി.ഒ. |

4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | റിമാർക്സ് |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്. ടി 4-1036/97 തിയ്യതി 06.03.08. | |
| 97-98 ചെലവ് | എൽ.എഫ്. ടി 4-1284/99 തിയ്യതി15.02.99. | |
| 98-99 ചെലവ് | എൽ.എഫ്. ടി 4-1133/01തിയ്യതി.13.12.01/ 11.6.02. | |
| 99-2000 ചെലവ് | എൽ.എഫ്. ടി 4-609/02തിയ്യതി20.09.02. | |
| 2000-01 ചെലവ് | എൽ.എഫ്. ടി 4-1468/04തിയ്യതി14.12.04. | |
| 2001-02 ചെലവ് | എൽ.എഫ്. ടി 4-1120/05തിയ്യതി09.1.06./21.07.06. | |
| 91-92 95-96 വരവ് ചെലവ് | എൽ.എഫ്. ടി 4-1092/09തിയ്യതി23.04.10. | |
| 96-97 വരവ് | എൽ.എഫ്. ടി 4-1086/09തിയ്യതി18.05.10. | |
| 97-98 വരവ് | എൽ.എഫ്. ടി 4-1087/09തിയ്യതി18.05.10 | |
| 98-99 വരവ് | എൽ.എഫ്. ടി 4-1088/09തിയ്യതി18.05.10 | |
| 99-2000 വരവ് | എൽ.എഫ്. ടി 4-1089/09തിയ്യതി18.05.10 | |
| 2000-01 വരവ് | എൽ.എഫ്. ടി 4-1090/09തിയ്യതി18.05.10. | |
| 2001-02 വരവ് | എൽ.എഫ്. ടി 4-1091/09തിയ്യതി19.05.10. | |
| 2002-03 വരവ് ചെലവ് | എൽ.എഫ്. ടി 4-1095/09തിയ്യതി05.06.10. | |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി4-1395/10തിയ്യതി30.5.11/24.10.11 | |
| 2004-05 വരവ് ചെലവ് | എൽ.എഫ്. ടി 4-1396/10തിയ്യതി27.10.11/7.1.12. | |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി 4-1397/10തിയ്യതി29.10.11/7.1.12 | |
| 2006-07 വരവ് ചെലവ് | എൽ.എഫ്. ടി 4-1398/10തിയ്യതി28.10.11/21.03.12. | |

| | | |
|---|---|---|
| 2007-08 വരവ് ചെലവ് | എൽ.എഫ്. ടി 4-1399/10തിയ്യതി29.10.11/21.03.12. | |
| 2008-09 | എൽ.എഫ്.ടി.എം.2608/11തിയ്യതി24.2.12./31.5.12. | |
| 2009-10 | എൽ.എഫ്. ടി .എം. 2609/11തിയ്യതി7.4.12/2.7.12. | |
| 2010-11 | എൽ.എഫ്.ടി.എം.36/12തിയ്യതി17.4.12./5.7.12. | |
| 2011-12 | എൽ.എഫ്. ടി.എം.2118/13തിയ്യതി14.5.14./17.9.14. | |
| 2012-13 | എൽ.എഫ്. ടി .എം. 1776/14തിയ്യതി3.6.15. | |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (എം) 1414/15 തിയതി.27.11.15/11.01.2016 | |
| 2014-2015 | കെ.എസ്.എ ടി.എസ്.ആർ (എം) 1441/16 തി.9.08.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(എം)15/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി.31.01.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുങ്ങല്ലൂർ നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR(M)15/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated.31.01.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Kodungallur Municipality in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Kodungallur Municipality for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Joint Director

District Audit Office,

Thrissur.